# THE SUNDAY SCHOOL

Vol. 3 • No. 4 • October - December 2017

*രക്ഷാധികാരി*
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

*പ്രസിഡന്റ്*
**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. റെജി മാത്യു**

*പബ്ലിക്കേഷൻ ഓഫീസർ*
**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**

*മാനേജിംഗ് എഡിറ്റർ*
**പ്രൊഫ. കെ. വി. ജോർജ്**

*എക്സിക്യൂട്ടീവ് എഡിറ്റർ*
**ജോസഫ് അലക്സാണ്ടർ**

*എഡിറ്റോറിയൽ ബോർഡ്*
**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
**സന്തോഷ് ബേബി എ. കെ.**
**ഡോ. ഐപ്പ് വറുഗീസ്**
**പ്രൊഫ. ജോസ് വി. കോശി**
**ഡോ. വർഗീസ് പുന്നൂസ്**
**വർഗീസ് ജോൺ തോട്ടപ്പുഴ**


*കേന്ദ്ര ഓഫീസ്*
**ദേവലോകം**
**കോട്ടയം-686 004**
**✆ 0481 2572890**
thesundayschoolossae@gmail.com

**An OSSAE Publication**

Printed at Alois Graphics
Kottayam-1, Tel: 0481 2569847
aloisgraphics@gmail.com

## താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
  **ഫാ. ഡോ. റജി മാത്യു**
- ആദ്ധ്യക്ഷം
  **ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
- വി. മൂറോൻ തൈലവും കൂദാശയും
  **ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**
- കോട്ടയം വലിയപള്ളിയും കോട്ടയം ചെറിയപള്ളിയും
  **ഫാ. പി. എ. ഫിലിപ്പ്**
- പഴയനിയമപ്രവാചകന്മാരുടെ കാലാനുക്രമണിക
  **ഫാ. കെ. വി. ഏലിയാസ്**
- Worthy Worship Leads to a Worthy Life
  **Fr. Dr. Reji Geevarghese**
- അധ്യാപനശൈലി: യേശുവിന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ
  **ഡീ. ജേക്കബ് സാം മാത്യു, കൊടുമൺ**
- കുട്ടികളെ സൺഡേസ്കൂളിൽ വിടാൻ മാതാപിതാക്കൾ മടികാണിക്കരുതേ...
  **പി.എം. മാത്യു**
- സൺഡേസ്കൂൾ പ്രസ്ഥാനം – എന്റെ ജീവിതത്തിൽ
  **റൂബി ജോർജ്**
- Model Question Paper
- സൺഡേസ്കൂൾ വാർത്തകൾ
- പിന്നാമ്പുറം



# എഡിറ്റോറിയൽ

പ്രിയ സ്നേഹിതരെ,

വാർഷിക പരീക്ഷകൾ എല്ലാം ഭംഗിയായി നടന്നു എന്ന് പ്രതീക്ഷിക്കുന്നു. ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുക എന്നതല്ല സൺഡേസ്കൂളിന്റെ ലക്ഷ്യം എന്നുള്ളത് കുഞ്ഞുങ്ങൾക്ക് അറിയാമല്ലോ. യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ വളരുവാനും തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ മനസ്സിനെയും ശരീരത്തെയും രൂപപ്പെടുത്തുവാനും പുരാതനമായ മലങ്കരസഭയുടെ ചരിത്രത്തെയും പാരമ്പര്യത്തെപ്പറ്റിയുമുള്ള ചില പാഠങ്ങൾ ഉൾക്കൊള്ളുവാനും സാമൂഹിക പ്രതിബദ്ധതയുടെ പ്രതിജ്ഞ പുതുക്കുവാനും ഈ വർഷം സഹായിച്ചുവെങ്കിൽ അത്രമാത്രം മതി. ഉന്നതസ്ഥാനങ്ങൾ അർഹതയുള്ളവർ നേടട്ടെ. നിങ്ങൾ ജീവിതവിജയം നേടുവാൻ അതുമാത്രം മതിയാവുകയില്ല എന്ന് തിരിച്ചറിയുകയും വിജയികളെ പ്രോത്സാഹിപ്പിക്കുകയും പരാജയങ്ങൾ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളുകയും ചെയ്തവരാണ് ലോകത്തെ കീഴടക്കിയിട്ടുള്ളത്.

വിദ്യാഭ്യാസരംഗത്ത് ഭാരതം അഭിമാനപൂർവ്വം ഓർക്കുന്ന ഒരു പേരാണ് നോബൽ ജേതാവായിരുന്ന രവീന്ദ്രനാഥ ടാഗോർ. അദ്ദേഹത്തിന്റെ 'ശാന്തിനികേതൻ' എന്ന വിദ്യാഭ്യാസപരീക്ഷണം കുട്ടികളെ ക്ലാസ്സുമുറിയിൽനിന്നും മരച്ചുവട്ടിലേക്ക് നയിക്കുന്നതായിരുന്നു. കുട്ടികളെല്ലാംകൂടി ഒരു കുടുംബമായി ജീവിക്കുകയും പഠനവും അനുദിന കർമ്മങ്ങളും ആദ്ധ്യാത്മികജീവിതവും ഇടകലർത്തിയുമുള്ള ഒരു പഠനസമ്പ്രദായമാണ് ടാഗോർ ആവിഷ്ക്കരിച്ചിരുന്നത്. 'ശാന്തിനികേതനി'ൽ കുട്ടികളോടൊപ്പം ജീവിച്ച അധ്യാപകർ കുട്ടികൾക്കുള്ള എല്ലാ നിബന്ധനകളും കർക്കശമായി പാലിച്ചാണ് ജീവിച്ചത്; അവിടെ കുട്ടികളെന്നോ അധ്യാപകരെന്നോ ഉള്ള വേർതിരിവ് കാട്ടാതിരിക്കുവാൻ ടാഗോർ നന്നായി ശ്രദ്ധിച്ചു. അത്യദ്ധ്വാനം ചെയ്യുന്ന അധ്യാപകരെയാണ് 'ശാന്തിനികേതനി'ൽ നാം കാണുന്നത്. "നാളെ ക്ലാസ്സെടുക്കാൻ എനിക്ക് ആറുമണിക്കൂർ പഠിക്കണം" എന്ന് തന്റെ ഡയറിക്കുറിപ്പിൽ ടാഗോർ ഒരിക്കൽ കുറിച്ചിട്ടത് പ്രസിദ്ധമാണ്. സൺഡേസ്കൂൾ അധ്യാപകർ പണ്ടു തങ്ങൾ പഠിച്ച അറിവിന്റെ അടിസ്ഥാനത്തിൽ മാത്രം പഠിപ്പിക്കുവാൻ തയ്യാറാകാതെ അനുദിനം ഒരു വിദ്യാർത്ഥിയെപ്പോലെ പഠിക്കണം; പാഠങ്ങൾ പല ആവർത്തി വായിച്ചു കുട്ടികൾക്ക് ആകർഷകമായ രീതിയിൽ അത് അവതരിപ്പിക്കുവാനുള്ള രീതികൾ ആവിഷ്ക്കരിക്കണം. തന്നെ ഏൽപ്പിച്ച ക്ലാസ്സിലെ പാഠങ്ങൾ നന്നായി പഠിപ്പിക്കുവാൻ തനിക്കാവുന്നില്ല എന്ന തോന്നലുണ്ടായാൽ ആ ക്ലാസ്സ് മറ്റൊരാളെ ഏൽപ്പിക്കണം. പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകൾ സമർത്ഥരായ യുവ അധ്യാപകരും പഠിപ്പിക്കുവാൻ പ്രാപ്തരാണെന്ന് തോന്നിയാൽ മുതിർന്നവർ താഴെയുള്ള ക്ലാസ്സുകളിലേക്ക് മാറിക്കൊടുക്കണം. നമുക്കു പ്രധാനം കുട്ടികളാണ് നമ്മുടെ സ്ഥാനമല്ല എന്നത് അംഗീകരിക്കുന്ന ആളാണ് ഉത്തമ അധ്യാപകനും, അധ്യാപികയും. പുതിയ വർഷത്തെ ടൈംടേബിൾ ഉണ്ടാക്കുമ്പോൾ ഇക്കാര്യം പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അധ്യാപകരുടെ സേവനത്തിന്റെ ഒരു വാർഷിക അവലോകനം സ്നേഹത്തിന്റെയും പ്രോത്സാഹനത്തിന്റെയും ആത്മാവിൽ നടത്തേണ്ടതായിട്ടുണ്ട്.

ക്രിസ്തുമസ് എല്ലാവർക്കും സന്തോഷകരമായ ദിനങ്ങൾ നൽകട്ടെ. അമിതമായി ആഹ്ലാദിക്കുന്നതിലുപരി ദാരിദ്ര്യവും, ഒറ്റപ്പെടലും, നിരാശയും ഉള്ളവരെ കൈത്താങ്ങുന്ന മനോഭാവമാണ് നമുക്കുണ്ടാവേണ്ടത്. പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ 2018ൽ എന്റെ ജീവിതത്തിൽ ഞാനെന്ത് നേടിയെടുക്കും എന്നും, എന്റെ പരിമിതികളും പരാജയങ്ങളും അതിജീവിക്കും എന്നുമുള്ള ചിന്തകളാണുണ്ടാവേണ്ടത്.

ഏവർക്കും മംഗളകരമായ ക്രിസ്തുമസും, അനുഗ്രഹിക്കപ്പെട്ട പുതുവർഷവും ആശംസിക്കുന്നു

സ്നേഹത്തോടെ നിങ്ങളുടെ,

**റജി മാത്യൂസച്ചൻ**

ആദ്ധ്യക്ഷ്യം



# നിലയും നമസ്കാരവും ആരാധനയിൽ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

നില എന്ന വാക്കുകൊണ്ട് നില്പ് എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. ഞായറാഴ്ച, പ്രധാന (മോറോനോയോ) പെരുന്നാളുകൾ എന്നീ ദിനങ്ങളിൽ കുമ്പിട്ടു നമസ്കാരം ഇല്ല. കർത്താവ് നമുക്ക് നൽകിയ വിടുതലിന്റെ ആഹ്ലാദാവസരങ്ങളാകയാൽ അനുതാപത്തിന്റെ ചിഹ്നമായ കുമ്പിടീൽ (സാഷ്ടാംഗപ്രണാമം) ഈ ദിവസങ്ങളിൽ ഒഴിവാക്കിയിരിക്കുന്നു. ഉയിർപ്പ് പെരുന്നാൾ മുതൽ പെന്തിക്കോസ്തിപ്പെരുന്നാൾ വരെയുള്ള നാളുകളിലും (ഉയിർപ്പുകാലം) കുമ്പിടീൽ ഒഴിവാക്കിയിരിക്കുന്നതും ഇതേ കാരണത്താലാകുന്നു. അതേസമയം നടുവു വളച്ച് തലകുനിച്ചുള്ള പ്രണാമങ്ങൾ, വണക്കങ്ങൾ എല്ലാ ദിവസങ്ങളിലും എല്ലാ സന്ദർഭങ്ങളിലും ഓർത്തഡോക്സ് ആരാധനകളിൽ അഭിവാജ്യഘടകമാകുന്നു. ഇങ്ങനെ നിലയും നമസ്കാരവും ഓർത്തഡോക്സ് ആരാധനയുടെ സവിശേഷമുദ്രയത്രെ.

1. **നില**

നിന്നുകൊണ്ടേ നമസ്കരിക്കാനാവൂ; നമസ്കാരം നടുവു വളച്ച് തലകുനിച്ചുള്ള പ്രണാമമായാലും കുമ്പിട്ടുള്ള സാഷ്ടാംഗ പ്രണാമമായാലും. ആദരണീയനായ ഒരാൾ ആഗതനാവുമ്പോഴും സന്നിഹിതനാവുമ്പോഴും നാം എഴുന്നേറ്റു നിൽക്കുന്നു. ദൈവസാന്നിധ്യമാവുമ്പോൾ ഈ ശാരീരിക നില എത്രയും സംഗതമായി വരുന്നു. ദൈവസാന്നിധ്യബോധമാണ് നിന്നും നമസ്കരിച്ചും കൊണ്ടുള്ള ആരാധനക്കടിസ്ഥാനം.

1.i നിന്നും നമസ്കരിച്ചും കൊണ്ടുള്ള ആരാധനയുടെ ദൃശ്യങ്ങൾ വെളിപാടു പുസ്തകത്തിൽ ധാരാളമുണ്ട്, പ്രത്യേകിച്ച് നാലുമുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങളിൽ. വെളിപാടു പുസ്തകം മുഴുവനും കർത്തൃശിഷ്യനായ യോഹന്നാനുണ്ടായ സ്വർഗ്ഗീയ ദർശനങ്ങൾ ആണല്ലോ. ഒരു ദൃശ്യം ശ്രദ്ധിക്കാം: "സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു" (വെളി. 7:9). നിന്നുകൊണ്ടാവണം നമസ്കാരം എന്ന് ഈ വേദഭാഗം വ്യക്തമായി സൂചിപ്പിക്കുന്നു.

1.ii സ്വർഗ്ഗീയാരാധനയുടെ പതിപ്പാണ് ഭൂമിയിലെ ആരാധന. മാത്രമല്ല, സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്നു. "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം" (വെളി. 21:3). ദൈവസാന്നിധ്യത്തിന്റെ ഇടമായ സ്വർഗ്ഗീയ കൂടാരം ഇറങ്ങി മനുഷ്യമദ്ധ്യേ നിൽക്കുന്നു. ഈ ദൈവീക കൂടാരത്തിലേക്ക് ദൈവമക്കൾ കടന്നുചെല്ലുന്നു. ആയതിനാൽ ഇത് ദൈവമക്കളുടെ കൂടാരവും കൂടിയാകുന്നു. "ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിലുണ്ട്" (സങ്കീ. 118:15) എന്ന് സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നത് ശ്രദ്ധിക്കുക. ഇതേ സങ്കീർത്തനഭാഗം തന്നെ സുറിയാനി മൂലത്തിൽനിന്ന് വിവർത്തനം ചെയ്തിട്ടുള്ളത് വി. കുർബ്ബാന തുടങ്ങുന്നതിനുമുമ്പായി പഴയനിയമ വായനയ്ക്കുള്ള ഒരുക്കമായി, ആഹ്വാനമായി ശുശ്രൂഷകൻ ഉറക്കെ ചൊല്ലുന്നത് നാം കേൾക്കുന്നുണ്ടല്ലോ; "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദ് മുഖാന്തിരം പരിശുദ്ധ റൂഹാ പാടി" ഒരു വശത്ത് സ്വർഗ്ഗം, ദൈവസാന്നിധ്യം ആരാധനാസന്ദർഭം ഭൂമിയിലേക്ക്, മനുഷ്യമദ്ധ്യേ ഇറങ്ങിവരുന്നു.

1.iii അതേസമയം ആരാധന ദൈവമക്കൾക്ക് കയറ്റവും കൂടിയാകുന്നു. സ്വർഗ്ഗത്തിലേക്ക്, ദൈവസാന്നിധ്യത്തിലേക്കുള്ള കയറ്റം. "ഈ നാഴികയിൽ നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവാം ദൈവത്തിന്റെ വലതുഭാഗേ മശിഹാ തമ്പുരാൻ എഴുന്നെള്ളിയിരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കേണം" എന്ന് വി. കുർബ്ബാനയിൽ അനാഫോറോ സന്ദർഭം, ആരംഭത്തിൽത്തന്നെ പരസ്പരം സമാധാനാഭിവാദ്യം നൽകിയശേഷം, കാർമ്മികൻ ഉറക്കെ ആഹ്വാനം ചെയ്യുന്നുണ്ടല്ലോ. വി. കുർബ്ബാന

യിൽ ദൈവം ഭൂമിയിലേക്ക് ഇറങ്ങിവരുന്നു. ദൈവത്തോടൊപ്പം ദൈവസാന്നിധ്യത്തിൽ നിൽക്കുന്ന ദൈവ ദൂതരും പരിശുദ്ധരുടെ സംഘവും ഇറങ്ങി വരികയായി. ഭൂമിയിലുള്ള ദൈവമക്കൾ ദൈവസന്നിധിയി ലേക്ക് കയറിച്ചെല്ലുകയുമായി (ഉല്പത്തി 28:12, യോഹ. 1:51). സ്വർഗ്ഗവും ഭൂമിയും സ്വർഗ്ഗവാസികളും ഭൂവാസികളും ഒന്നിക്കുന്നിടമാണ് ദേവാലയം. സ്വർഗ്ഗീയരും ഭൗമീകരും ചേർന്നു കലർന്നുനിന്ന് നമസ്ക രിക്കുന്ന സന്ദർഭമാണ് എല്ലാ ആരാധനയും; വിശേഷാൽ വി. കുർബ്ബാന.

സ്വർഗ്ഗീയരും ഭൗമീകരും അടങ്ങുന്ന ആരാധകസംഘം ദൈവമുമ്പാകെ വീണു നമസ്കരിച്ച് ആരാധിക്കുന്നു എന്ന് വെളിപാടു പുസ്തകം ആവർത്തിച്ചുറപ്പിക്കുന്നു (വെളി. 4:10; 5:9; 14, 7:14; 19:4). മുൻപറഞ്ഞ വിശദീകരണ ത്തിലൂടെ രണ്ടുകാര്യങ്ങൾ പ്രസ്പഷ്ടമാവുന്നു. ഒന്ന് നിലയും (നില്പും) നമസ്കാരവും ദൈവസാന്നിധ്യം തിരിച്ചറിഞ്ഞ് ആരാധിക്കുന്ന ആരാധക സംഘത്തിന്റെ ശാരീരികവും മാനസികവും, ആന്തരികവും ബാഹ്യവു മായ ഭാവവും അർപ്പണവും പ്രതിസ്ഫുരിപ്പിക്കുന്നു. ഇങ്ങനെയൊരു ആദ്ധ്യാത്മിക തലത്തിലേക്ക് ഉയരുന്നതാ വണം ആരാധനാന്തരീക്ഷവും ആരാധനയും. ആരാധനയുടെ ഈ ആദ്ധ്യാത്മികതലം തിരിച്ചറിയുമ്പോൾ, രുചി ച്ചറിയുമ്പോൾ ആരാധകസംഘം നിരന്തരം പ്രവിശാലമാവുന്ന പുതിയ പുതിയ ഉയർന്ന അനുഭവങ്ങളിലേക്ക് ഉൾപ്രവേശിക്കുകയായി.

*(തുടരും....)*

## OSSAE - പ്രധാന ദിവസങ്ങൾ 2018

**ജനുവരി**
- 02 OVBS കമ്മറ്റി
- 06 ദനഹ (SSO അവധി)
- 07 പുതുവത്സര ക്ലാസ്സുകൾ
- 13 പ്രതിഭ, വിജ്ഞാനി, പ്രവീൺ, ഗാനസുഗന്ധി മത്സരങ്ങൾ
- 14 ജീവകാരുണ്യദിനം
- 22 മൂന്നുനോമ്പ് ആരംഭം
- 25 മൂന്നുനോമ്പ് വീടൽ
- 26 റിപ്പബ്ലിക് ദിനം (SSO അവധി)

**ഫെബ്രുവരി**
- 02 മായൽത്തോ (SSO അവധി)
- 12 വലിയ നോമ്പാരംഭം

**മാർച്ച്**
- 07 പാതിനോമ്പ്
- 18 സഭാദിനം
- 25 വചനിപ്പു പെരുന്നാൾ, ഓശാന
- 29 പെസഹാ (SSO അവധി)
- 30 ദുഃഖവെള്ളി (SSO അവധി)

**ഏപ്രിൽ**
- 01 ഈസ്റ്റർ

**മെയ്**
- 01 മെയ്ദിനം (SSO അവധി)
- 10 സ്വർഗ്ഗാരോഹണം (SSO അവധി)
- 13 സൺഡേസ്കൂൾ ദിനം
- 20 പെന്തിക്കോസ്തി

**ജൂൺ**
- 02 OVBS കമ്മറ്റി
- 09 എക്സിക്യൂട്ടീവ് കമ്മറ്റി, O.S.S.A.E.
- 16 ശ്ലീഹാനോമ്പാരംഭം
- 29 പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ (SSO അവധി)

**ജൂലൈ**
- 01 അർദ്ധവാർഷിക പരീക്ഷ
- 03 സെന്റ് തോമസ് ദിനം (SSO അവധി)

**ആഗസ്റ്റ്**
- 01 പതിനഞ്ച് നോമ്പാരംഭം
- 06 മറുരൂപപ്പെരുന്നാൾ (SSO അവധി)
- 10 O.S.S.A.E. എക്സിക്യൂട്ടീവ് കമ്മറ്റി
- 11 O.S.S.A.E. വാർഷിക പൊതുയോഗം
- 15 ശൂനോയോ, സ്വാതന്ത്ര്യദിനം (SSO അവധി)
- 24 ഒന്നാം ഓണം (SSO അവധി)
- 25 തിരുവോണം (SSO അവധി)
- 26 മൂന്നാം ഓണം (SSO അവധി)
- 26 സഹപാഠ്യമത്സരങ്ങൾ (സ്കൂൾതലം)

**സെപ്റ്റംബർ**
- 14 സ്ലീബാ പെരുന്നാൾ (SSO അവധി)
- 15 സഹപാഠ്യമത്സരങ്ങൾ (ഡിസ്ട്രിക്ട് തലം)

**ഒക്ടോബർ**
- 02 ഗാന്ധിജയന്തി (SSO അവധി)
- 13 സഹപാഠ്യമത്സരങ്ങൾ (ഭദ്രാസന തലം)
- 18 OVBS കമ്മറ്റി

**നവംബർ**
- 02 പരുമലപെരുന്നാൾ (SSO അവധി)
- 10 സഹപാഠ്യമത്സരങ്ങൾ (സോണൽ തലം)

**ഡിസംബർ**
- 01 യൽദോ നോമ്പാരംഭം
- 02 വാർഷിക പരീക്ഷ
- 08 എക്സിക്യൂട്ടീവ് കമ്മറ്റി
- 25 ക്രിസ്തുമസ് (SSO അവധി)
- 29 മത്സരപ്പരീക്ഷ



# വി. മൂറോൻ തൈലവും കൂദാശയും

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

സഭയുടെ പ്രധാനപ്പെട്ട കൂദാശകളിൽ ഒന്നാണ് വി. മൂറോൻ. എന്നാൽ വി. മാമോദീസായിൽ വ്യക്തികൾക്കു നൽകുന്ന മൂറോൻ അഭിഷേകത്തെ വേറിട്ട ഒരു കൂദാശയായി കണക്കാക്കേണ്ടതില്ല. കിഴക്കൻ സഭകളുടെ പാരമ്പര്യമനുസരിച്ച് വി. മാമോദീസായുടെ അവിഭാജ്യ ഘടകമാണ് വി. മൂറോൻ. എന്നാൽ മൂറോൻ തൈലത്തിന്റെ ശുദ്ധീകരണത്തെ ഒരു കൂദാശയായി കാണുന്നതിൽ തെറ്റില്ല. ഈ വിശിഷ്ട തൈലം പരിശുദ്ധാത്മാവിന്റെ മാത്രം പ്രതീകമാണ് എന്ന ധാരണയും തെറ്റാണ്. വി. മാമോദീസായിൽ മൂറോൻ അഭിഷേകം നടത്തുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ പറയുന്നത് ഇപ്രകാരമാണ്: ''മശിഹായുടെ പരിമളവാസനയും, സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മനൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ ഇന്നയാൾ... മുദ്രകുത്തപ്പെടുന്നു''. ഇതിൽ നിന്ന് വളരെ വ്യക്തമാണ് പരിശുദ്ധാത്മാവിനോടൊപ്പം, മശിഹായെയും, സ്നാർത്ഥി ഏറ്റുപറയുന്ന വിശ്വാസത്തെയും മൂറോൻ പ്രതിനിധീകരിക്കുന്നു. മൂറോൻ തൈലത്തിന്റെ കൂദാശക്രമം പരിശോധിച്ചാൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ (2 കോരി. 2: 15) അതു മശിഹായുടെ പരിമളവാസനയെ പ്രതിനിധീകരിക്കുന്നു എന്ന ആശയം സുവിദിതമാകും. മാമോദീസ മുങ്ങലിനുശേഷം ഒരു തൈലം പൂശൽ സഭയിൽ ആരംഭിച്ചതു തന്നെ, അന്യവിശ്വാസത്തിൽ മാമോദീസാ ഏറ്റവർ ഓർത്തഡോക്സ് സഭയുടെ അംഗങ്ങളായി തീരുവാൻ ആഗ്രഹിക്കുന്നപക്ഷം അവർക്ക് വീണ്ടും മാമോദീസ നൽകാതെ സഭാംഗങ്ങളാക്കുന്നതിനുള്ള ഒരു ശുശ്രൂഷ എന്ന നിലയിലാണ്. അതിനാൽ അത് സത്യ വിശ്വാസത്തിന്റെ പ്രതീകവുമാണ്. മാമോദീസായിൽ ഉടനീളം പരിശുദ്ധാത്മ ദാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളുണ്ട്. അവയുടെയെല്ലാം പൂർത്തീകരണമാണ് മൂറോനഭിഷേകത്തിലൂടെ സംഭവിക്കുന്നത്.

പഴയനിയമത്തിൽ പുരോഹിതന്മാരെയും പ്രവാചകന്മാരെയും രാജാക്കന്മാരെയും തൈലത്താൽ അഭിഷേകം ചെയ്തിരുന്നു. ഈ മൂന്നു സ്ഥാനങ്ങളും വി. മൂറോൻ അഭിഷേകത്താൽ ഓരോ ക്രിസ്ത്യാനിക്കും ലഭിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഇവ മൂന്നും അവനു നൽകിയിരുന്നു എങ്കിലും പാപം ചെയ്ത് അവയെല്ലാം അവൻ നഷ്ടപ്പെടുത്തി. വി. മാമോദീസായിലൂടെയും മൂറോൻ അഭിഷേകത്തിലൂടെയും, സൃഷടിമുഴുവനെയും ഭരിക്കേണ്ട രാജാവായും, സൃഷ്ടിക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കേണ്ട പുരോഹിതനായും, ദൈവഹിതം മനസിലാക്കി അത് സൃഷ്ടിയിലെ സർവ്വ ചരാചരങ്ങളെയും അറിയിക്കേണ്ട പ്രവാചകനായും അവൻ വീണ്ടും അവരോധിക്കപ്പെടുന്നു. അതിനാൽ ഇന്ന് സുറിയാനി പാരമ്പര്യത്തിൽ മാമോദീസായ്ക്കും, മദ്ബഹാ, തബ്ലൈത്താ, പള്ളി എന്നിവയുടെ കൂദാശയ്ക്കും മാത്രമേ മൂറോൻ ഉപയോഗിക്കാറുള്ളു. രോഗികളെയും, മാമോദീസാ മുക്കുന്നതിനു മുമ്പ് സ്നാനാർത്ഥികളെയും അഭിഷേകം ചെയ്യാറുണ്ട് എങ്കിലും അതിന് വി. മൂറോൻ അല്ല ഉപയോഗിക്കുന്നത്, പ്രത്യേകമായി കൂദാശ ചെയ്ത സൈത്തെണ്ണമാത്രമാണ്.

### മൂറോൻ തൈലം തയ്യാറാക്കുന്ന വിധം

ആവശ്യം വരുമ്പോൾ മാത്രം ഈ വിശിഷ്ട തൈലം കൂദാശ ചെയ്യുന്നതിനാൽ അത്യപൂർവ്വമായി മാത്രം നടക്കുന്ന ഒരു ചടങ്ങാണിത്. ഏതാണ്ട് പത്തു വർഷത്തിൽ ഒരിക്കൽ മാത്രമാണ് നമ്മുടെ സഭയിൽ ഇത് നടത്താറ്. വി. മൂറോൻ കൂദാശയെക്കുറിച്ച് നമുക്ക് ആദ്യമായി ലഭ്യമായിരിക്കുന്ന വ്യാഖ്യാനം അതീനയിലെ അരയോപകത്തിലെ ദിവന്നാസ്യോസ് (Pseudo-

*വൈദിക സെമിനാരി അദ്ധ്യാപകനായ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് സഭയുടെ വൈദിക ട്രസ്റ്റിയായിരുന്നു.*

Dionysius) എന്ന പേരിൽ അറിയപ്പെടുന്ന 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പിതാവിന്റെതാണ്. വിവിധയിനം സുഗന്ധവർഗ്ഗങ്ങൾ ചേർത്ത് ഒലിവെണ്ണയിൽ തിളപ്പിച്ച് കാച്ചിയെടുക്കുന്ന തൈലവും, ബൽസാം എന്ന സുഗന്ധദ്രവ്യവുമാണ് മൂറോൻ തൈലത്തിന്റെ പ്രധാന ചേരുവകൾ. എട്ടുതരം സുന്ധവർഗ്ഗങ്ങളാണ് ഹൂദായകാനോനിൽ നൽകിയിരിക്കുന്നത്. അവ സൈത്ത് എണ്ണയിൽ വേവിക്കുമ്പോൾ പാത്രത്തിന്റെ അടിയിൽ നേരിട്ട് തീ കത്തിക്കാതെ ഒരു വലിയ പാത്രത്തിൽ വെള്ളമെടുത്ത് അത് തിളപ്പിച്ച് ആ വെള്ളത്തിന്റെ അകത്ത് മറ്റൊരു പാത്രത്തിൽ കെട്ടിത്തൂക്കിയിട്ടാണ് സുഗന്ധ വർഗ്ഗങ്ങൾ ചേർത്ത സൈത്തെണ്ണ പാകപ്പെടുത്തുന്നത്. അനേക ദിവസങ്ങളിലെ പ്രയത്നം ഇതിനാവശ്യമാണ്. തയ്യാറാക്കിയ സൈത്തെണ്ണയും, ബൽസാം എന്ന സുഗന്ധവും വേവ്വേറെ പാത്രങ്ങളിലാക്കി കൂദാശചെയ്യുന്നതിന് മദ്ബഹായിലേക്ക് കൊണ്ടുപോകുന്നു.

**കൂദാശ ക്രമം**

ആദിമ നൂറ്റാണ്ടുകളിൽ മേൽപ്പട്ടക്കാർക്കെല്ലാം ഈ തൈലം കൂദാശ ചെയ്യുവാൻ അനുവാദമുണ്ടായിരുന്നു. ഒരു മെത്രാപ്പോലീത്തായ്ക്ക് മൂറോൻ കൂദാശചെയ്യുവാൻ അധികാരമുണ്ട് എന്നു ബാർ എബ്രായ ഹൂദായകാനോനിൽ പറയുന്നുണ്ട് എങ്കിലും ഇന്ന് പാത്രിയർക്കീസിനും, കാതോലിക്കായ്ക്കും മാത്രമേ മൂറോൻ കൂദാശ ചെയ്യുവാൻ അവകാശമുള്ളു. എവിടെ വച്ചു വേണമെങ്കിലും കൂദാശ ചെയ്യാം എങ്കിലും സാധാരണഗതിയിൽ അതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രത്യേക സ്ഥലങ്ങളിൽ, പ്രത്യേകിച്ച് സഭാകേന്ദ്രങ്ങളിൽ വച്ചാണ് കൂദാശനടത്താറ്. മലങ്കര സഭയുടെ ആസ്ഥാനം പഴയസെമിനാരിയിൽ ആയിരുന്ന കാലത്ത് അവിടെവച്ച് കൂദാശ നടത്തിയിരുന്നു. അതിനു ശേഷം ദേവലോകത്തേക്ക് ആസ്ഥാനം മാറ്റിയിട്ടും കുറേക്കാലത്തേക്ക് പഴയസെമിനാരിയിൽതന്നെ കൂദാശ നടത്തുന്ന പതിവ് തുടർന്നു. പരി. ഔഗേൻ ബാവായുടെ കാലത്ത് അവിടെത്തന്നെ കൂദാശനടത്തി. പരി. മാത്യൂസ് പ്രഥമൻ ബവായും ഒരുപ്രാവശ്യ അവിടെവച്ച് ശുശ്രൂഷ നടത്തിയെങ്കിലും പിന്നീട് അദ്ദേഹം തന്നെ ഈ ചടങ്ങ് ദേവലോകത്തേക്ക് മാറ്റി. അതിനുശേഷം സ്ഥിരമായി അവിടെതന്നെ തുടർന്നു പോരുന്നു.

ഉയിർപ്പ് പെരുന്നാളിൽ വി. മാമോദീസ നൽകുന്ന പാരമ്പര്യമാണ് ആദിമ സഭയിൽ തുടർന്നു പോന്നിരുന്നത്. അന്ന് ഉപയോഗിക്കുന്നതിനുവേണ്ടി, പെസഹാ വ്യാഴാഴ്ച തൈലം കൂദാശ ചെയ്തിരുന്നു. പിന്നീട് വലിയ നോമ്പ് ഒഴികെ ഏതൊരു സമയത്തും മാമോദീസ നടത്താം എന്ന അവസ്ഥ വന്നപ്പോൾ പെസഹായ്ക്ക് കൂദാശചെയ്യുന്ന പതിവിനും മാറ്റം സംഭവിച്ചു. കൂദാശ ചെയ്യാനുള്ള അവകാശം ഏതാനും പേരിലേക്കു പരിമിതപ്പെടുത്തിപ്പോൾ വല്ലപ്പോഴും നടക്കുന്ന ഒരു കൂദാശയായും, വല്ലപ്പോഴും നടക്കുന്നതിനാൽ കൂടുതൽ തൈലം സജ്ജമാക്കേണ്ടതായും വന്നു. ഈ പരിണാമങ്ങളെല്ലാം ഈ ശുശ്രൂഷയ്ക്ക് അമിത പ്രാധാന്യം ലഭിക്കുവാനും ഇടയാക്കി. വാസ്തവത്തിൽ വി. കുർബാനയെക്കാൾ ശ്രേഷ്ഠമല്ലല്ലോ മറ്റൊരു കൂദാശയും.

> പഴയനിയമത്തിൽ പുരോഹിതന്മാരെയും പ്രവാചകന്മാരെയും രാജാക്കന്മാരെയും തൈലത്താൽ അഭിഷേകം ചെയ്തിരുന്നു. ഈ മൂന്നുസ്ഥാനങ്ങളും വി. മൂറോൻ അഭിഷേകത്താൽ ഓരോ ക്രിസ്ത്യാനിക്കും ലഭിക്കുന്നു.

കൂദാശ നടത്തുന്ന ആളും, സഭ മുഴുവനും നോമ്പോടും പ്രാർത്ഥനയോടുമാണ് മൂറോൻ കൂദാശയ്ക്ക് ഒരുങ്ങുന്നത്. സഭ മുഴുവൻ ഉപവസിക്കേണ്ടത് ആവശ്യമായതുകൊണ്ടാണ് വലിയനോമ്പിന്റെ അവസാനം, നാൽപ്പതാം വെള്ളിയാഴ്ച സാധരണയായി കൂദാശ ക്രമീകരിക്കുന്നത്.

മുഖ്യകാർമ്മികനെയും മറ്റു മേൽപ്പട്ടക്കാരെയും കൂടാതെ, കശീശമാർ, പൂർണ്ണശെമ്മാശ്ശന്മാർ, ആപ്പ്ദ്യക്ക്നോമാർ, തുടങ്ങിയ പട്ടത്വ ശ്രേണിയിലെ സ്ഥാനികളെല്ലാം, 12 പേർവീതം പൂർണ്ണ അംശവസ്ത്ര ധാരികളായി സന്നിഹിതരായിരിക്കണം. അർക്കദിയാക്കോന്റെ പങ്കാളിത്തവും കൂദാശയിൽ സുപ്രധാനമാണ്. ഇന്ന് സഭയിൽ അങ്ങിനെ ഒരു സ്ഥാനം ആർക്കും നൽകുന്നില്ല എങ്കിലും, കൂദാശയുടെ ആവശ്യത്തിനായി ഒരു വൈദികനെ പ്രത്യേകമായി ചുമതലപ്പെടുത്തുന്നു. എല്ലാവരും, പാട്ടുകാരോടൊപ്പം മൂന്നു സംഘങ്ങളായി തിരിഞ്ഞ് മദ്ബഹായിലും, അഴിക്കകത്തും, ബീമായിലുമായി നിന്നുകൊണ്ട് ശുശ്രൂഷ ആരംഭിക്കണം. തയ്യാറാക്കിയ സുഗന്ധ എണ്ണയും, അതിൽ ചേർക്കാനുള്ള ബൽസാം സുഗന്ധവും മദ്ബഹായ്ക്കുള്ളിൽ രഹസ്യമായി പ്രത്യേകം ക്രമീകരിച്ചിട്ടുള്ള മറയ്ക്കുള്ളിൽ വച്ചിരിക്കണം. കർത്താവായ യേശുക്രിസ്തു മനുഷ്യാവതാരത്തിനു മുമ്പ്, പഴയനിയമകാലത്ത് മറഞ്ഞിരുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

വി. കുർബാനയിലെപ്പോലെ, ത്രോണോസിന്മേൽ, തബ്ലൈത്താമേൽ മൂറോൻ കുപ്പി വച്ചിട്ട് ശോശപ്പാകൊണ്ടു മൂടി ക്രമം ആരംഭിക്കുന്നു. കുർബാനയിലെപ്പോലെ മൂന്നു പ്രാവശ്യമായി, ഒൻപത് കുരിശുകൾ ഇട്ട് കൂദാശ പൂർത്തീകരിക്കുന്നു.

പ്രധാനമായും രണ്ടുക്രമങ്ങളാണ് കൂദാശയ്ക്കുള്ളത്. ആദ്യക്രമം അവസാനിക്കുമ്പോൾ ഒരു മേൽപ്പട്ടക്കാരൻ പ്രധാനപുരോഹിതന്റെ അംശവടിയുമേന്തി, മദ്ബഹാമുതൽ പള്ളിക്കു ചുറ്റും ധൂപാർപ്പണം നടത്തണം. അതേ സമയത്തുതന്നെ മുഖ്യകാർമ്മികൻ മറയ്ക്കുള്ളിൽ കയറി സുഗന്ധഎണ്ണയും ബൽസാമും തമ്മിൽ കൂട്ടിച്ചേർക്കണം. ഇത് യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും കൂടിച്ചേർന്നതിന്റെ പ്രതീകമാണ്. തുടർന്ന് മുഖ്യകാർമ്മികൻ മൂറോൻ വഹിച്ചുകൊണ്ട് പള്ളിക്കുചുറ്റും പ്രദക്ഷിണം നടത്തുന്നു. ഈ സമയത്ത് മുഖ്യകാർമ്മികനെയും മൂറോൻ തൈലവും ആരും കാണാതെ ഒരുകൂടാരംകൊണ്ട് (കുബ്സാ) മറച്ചു പിടിക്കണം. ദൈവവും മനുഷ്യനുമായ കർത്താവ് തന്റെ മാതാവിന്റെ ഉദരത്തിൽ വസിച്ചിരുന്ന കാലത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. വൈദികർ ധൂപക്കുറ്റികളും, ശെമ്മാശ്ശന്മാർ മർവഹാസകളും, ആപ്പ്ദ്യക്നോമാർ മെഴുകുതിരികളും ഏന്തി കുബ്സായിക്കു ചുറ്റും നിൽക്കണം. പ്രദക്ഷിണം തിരികെ മദ്ബഹായിൽ പ്രവേശിച്ചാൽ രണ്ടാം ക്രമം ആരംഭിക്കുകയായി.

വി. കുർബാനയിലെപ്പോലെ, ത്രോണോസിന്മേൽ, തബ്ലൈത്താമേൽ മൂറോൻ കുപ്പി വച്ചിട്ട് ശോശപ്പാകൊണ്ടു മൂടി ക്രമം ആരംഭിക്കുന്നു. കുർബാനയിലെപ്പോലെ മൂന്നു പ്രാവശ്യമായി, ഒൻപത് കുരിശുകൾ ഇട്ട് കൂദാശ പൂർത്തീകരിക്കുന്നു. അവസാനം മൂറോൻകുപ്പി ബീമായിൽ കൊണ്ടുവന്ന് ആഘോഷം നടത്തുകയും, എല്ലാവരും മൂറോൻകുപ്പി ചുംബിച്ച് അനുഗ്രഹം പ്രാപിച്ച് പിരിയുകയും ചെയ്യുന്നു. കൂദാശയ്ക്കുശേഷം വി. കുർബാന അർപ്പിക്കണമെന്ന് നിർബന്ധമില്ല എങ്കിലും, സാധരണയായി കുർബാന അർപ്പിക്കുന്ന പതിവാണുള്ളത്.

വിവിധ പട്ടത്വശ്രേണികളിൽപ്പെട്ടവരും, ജനങ്ങളും എല്ലാം കൂടിച്ചേരുന്ന ഒരു ശുശ്രൂഷയായതിനാൽ ഐക്യത്തിന്റെ കൂദാശയാണിത് എന്നും വ്യാഖ്യാനിക്കാം. ഒരേ തൈലംകൊണ്ട് അഭിഷേകം ചെയ്യപ്പെട്ട് ഒരേ സഭയിലേക്കു ചേരുന്നതും ഐക്യത്തിന്റെ പ്രതീകമാണല്ലോ. വി. തൈലത്തിന്റെ കൂദാശയാൽ പരിശുദ്ധാത്മാവിന്റെ നിറവും, കർത്താവിന്റെ കരുണയും സഭയുടെമേൽ മുഴുവനായി ചൊരിയപ്പെടുമെന്നതിൽ സംശയമില്ല. സഭാമക്കളായ നമുക്കെല്ലാം നോമ്പോടും പ്രാർത്ഥനയോടും ഈ വി. കൂദാശയ്ക്കായി ഒരുങ്ങാം. •

## മലങ്കരയിലെ വിശുദ്ധ മൂറോൻ കൂദാശകൾ


**മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II കാതോലിക്കാ ബാവാ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 2018 മാർച്ച് 23 നാൽപതാം വെള്ളിയാഴ്ച വി. മൂറോൻ കൂദാശ നടത്തുന്നതാണ്. മലങ്കരയിൽ നടന്നിട്ടുള്ള വി. മൂറോൻ കൂദാശകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.**

| *പ്രധാന കാർമ്മികൻ* (പാത്രിയർക്കീസ്/കാതോലിക്കാ) | *സ്ഥലം/പള്ളി* | *തീയതി* |
|---|---|---|
| മാർ ഇഗ്നാത്തിയോസ് പത്രോസ് III | മുളന്തുരുത്തി മാർ തൊമ്മൻ പള്ളി | 27.08.1876 |
| മാർ ഇഗ്നാത്തിയോസ് അബ്ദല്ല II | മുളന്തുരുത്തി മാർ തൊമ്മൻ പള്ളി | 19.08.1911 |
| മാർ ബസേലിയോസ് ഗീവർഗീസ് II | കോട്ടയം പഴയ സെമിനാരി | 22.04.1932 |
| മാർ ബസേലിയോസ് ഗീവർഗീസ് II | കോട്ടയം പഴയ സെമിനാരി | 20.04.1951 |
| മാർ ബസേലിയോസ് ഔഗേൻ I | കോട്ടയം പഴയ സെമിനാരി | 21.12.1967 |
| മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I | കോട്ടയം പഴയ സെമിനാരി | 01.04.1977 |
| മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I | കോട്ടയം കാതോലിക്കേറ്റ് അരമന | 25.03.1988 |
| മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് II | കോട്ടയം കാതോലിക്കേറ്റ് അരമന | 26.03.1999 |
| മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് I | കോട്ടയം കാതോലിക്കേറ്റ് അരമന | 03.04.2009 |

1876നു മുമ്പ് മലങ്കരയിൽ വി. മൂറോൻ കൂദാശ നടന്നിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്നാൽ 1751ൽ മലങ്കരയിൽ വന്ന മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനാ (+ 1764) വി. മൂറോൻ കൂദാശ നടത്തിയതായി പറയപ്പെടുന്നു. യാക്കോബായ വിഭാഗത്തിൽ മാർ ഇഗ്നാത്തിയോസ് സക്കാ I പാത്രിയർക്കീസ് ബാവാ മണർകാട് മർത്ത് മറിയം പള്ളിയിലും (27.02.1982) കോതമംഗലം മാർതൊമ്മൻ ചെറിയ പള്ളിയിലും (25.09.2004) വി. മൂറോൻ കൂദാശ നടത്തിയിട്ടുണ്ട്. V.J.T.

മുഖചിത്രലേഖനം

# കോട്ടയം വലിയപള്ളിയും കോട്ടയം ചെറിയപള്ളിയും



**ഫാ. പി. എ. ഫിലിപ്പ്**
കാതോലിക്കേറ്റ് അരമന, കോട്ടയം

'കോട്ടയുടെ അകം' എന്നർത്ഥമുള്ള പദത്തിൽ നിന്നാണ് കോട്ടയത്തിന്റെ നിഷ്പത്തി. കോട്ടയം നഗരത്തിലെ പഴയ പ്രമുഖ ജനപദങ്ങളിലൊന്നായ താഴത്തങ്ങാടി നാഗരികത ഇതിനു സാക്ഷ്യം വഹിക്കുന്നു. നേരത്തേ മഞ്ചുനാട്ടിലും പിന്നീട് തെക്കുംകൂറിലും ഉൾപ്പെട്ട ഈ ഭൂഭാഗത്ത് പുരാതന കോട്ട കൊത്തളങ്ങളുടെ ജീർണ്ണാവശിഷ്ടങ്ങൾ കാണാം.

കോട്ടയം പട്ടണം പല കുന്നുകളുടെ സമാഹാരമാണല്ലോ. തളിയിൽകുന്ന്, ചാലുകുന്ന്, തിരുനക്കരക്കുന്ന്, കീഴുക്കുന്ന്, പറയൻകുന്ന്, മുപ്പായിക്കാട്ടു കുന്ന്, സീയോൻകുന്ന്, ബേക്കർകുന്ന്, മുട്ടമ്പലം കുന്ന്, കാച്ചുവേലിക്കുന്ന്, അണ്ണാൻകുന്ന് എന്നിങ്ങനെ പട്ടണം പല കുന്നുകളായി സ്ഥിതിചെയ്യുന്നതിനാൽ മഴക്കാലത്ത് വെള്ളം ഒഴുകി നഗരം സ്വയം വൃത്തിയായിക്കൊള്ളും. കൂടാതെ അക്കാലത്ത് പല കുടുംബക്കാർ ഒന്നിച്ചാണ് കുടിയേറി ഒരു സ്ഥലത്ത് പാർത്തിരുന്നത്. അവർ ഒന്നിച്ചു സ്ഥലമെടുത്ത് ശത്രുവിൽ നിന്നുള്ള രക്ഷയ്ക്കായി അടുത്തടുത്ത് വീടുകൾ നിർമ്മിച്ച് കോളനികളായി പാർക്കുകയായിരുന്നു പതിവ്. ഇത്തരം കോളനികളെ 'അങ്ങാടി' എന്നു വിളിച്ചിരുന്നു. കോട്ടയത്തെ പുത്തനങ്ങാടി, താഴത്തങ്ങാടി, വല്യങ്ങാടി എന്നിവ ഈ രീതിയിൽ വളർന്നുവന്നവയാണ്.

ഈ പ്രദേശങ്ങളിലേക്ക് കടുത്തുരുത്തിയിൽ നിന്നും ചില കുടുംബങ്ങൾ 15-ാം നൂറ്റാണ്ടോടു കൂടി വന്നു താമസിക്കുവാൻ തുടങ്ങി. കോട്ടയത്തും തെക്കോട്ടും പല സ്ഥലത്തും തെക്കുംഭാഗർ (ക്നാനായ) താമസം ഉറപ്പിച്ചു. ഇതിൽ കുറെ വീട്ടുകാർ തെക്കുംകൂർ രാജാവിന്റെ പരിസരമായ ഇപ്പോൾ വലിയപള്ളിയിരിക്കുന്നതിനു സമീപം താമസമാക്കി. ഇവർ വരുമ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ (സുറിയാനി ക്രിസ്ത്യാനികൾ) തളിയിൽകോട്ട പരിസരങ്ങളിൽ താമസം ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾക്ക് ഒരു ദേവാലയം ഉണ്ടാക്കണം എന്ന ആവശ്യം തെക്കുംകൂർ രാജാവിനെ സമീപിച്ച് അറിയിച്ചു. അദ്ദേഹം അഭ്യർത്ഥന അംഗീകരിക്കുകയും കോട്ടയത്ത് ഏറ്റവും ഉയർന്ന സ്ഥലത്ത് ഇപ്പോൾ വലിയപള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്ത് പള്ളി നിർമ്മിച്ചുകൊള്ളാൻ അനുമതി നൽകുകയും ചെയ്തു. ആ സ്ഥലം കരമൊഴിവായി എഴുതിക്കൊടുത്തു. ആ ഭാഗത്ത് ഏറ്റവും ഉയരമുള്ള പാറയിലാണ് പള്ളി മദ്ബഹായുടെ തറക്കല്ലിട്ടത്. കൊല്ലവർഷം 725 ൽ (എ.ഡി. 1550) ഗീവർഗീസ് സഹദായുടെ നാമത്തിൽ ഈ ദേവാലയം പുതുക്കി പണിയുകയും ഇന്നു കാണുന്ന ദേവലായം സ്ഥാപിതമാവുകയും ചെയ്തു. ഈ പള്ളിയിലായിരുന്നു കോട്ടയം പ്രദേശത്തുള്ള നമ്മുടെ പൂർവ്വികന്മാർ (മാർത്തോമ്മാ ക്രിസ്ത്യാനികൾ) ആ കാലഘട്ടത്തിൽ സംബന്ധിച്ചിരുന്നത്.

തെക്കുംകൂർ രാജ്യത്തിന്റെ ചരിത്രത്തിൽ വലിയപള്ളിയിൽ ക്നാനായക്കാരും മറ്റു നസ്രാണികളും ഒരുമയോടെ പൂജകൾ അർപ്പിച്ചിരുന്നുവെന്നും 1579ൽ സ്വന്തമായി വെറൊരു ദേവാലയം (ചെറിയപള്ളി) നിർമ്മിച്ച് വലിയ പള്ളിയിൽനിന്നു കുറെ നസ്രാണികൾ പിരിഞ്ഞു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

വലിയപള്ളിയിലെ ചരിത്രപ്രസിദ്ധമായ രണ്ടു പേർഷ്യൻ കുരിശുകളും കൊടുങ്ങല്ലൂർ നിന്നും ക്നാനായക്കാർ കടുത്തുരുത്തിയിലേക്ക് മാറിത്താമസിച്ചപ്പോൾ അവിടെ കൊണ്ടുവന്നു

---

*ഫാ. പി. എ. ഫിലിപ്പ് സഭയുടെ മാനവ വികസന വകുപ്പിന്റെ ഡപ്യൂട്ടി സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു. കോട്ടയം ചെറിയപള്ളിയുടെ വികാരിയാണ്.*

എന്നും അവിടെനിന്നു കോട്ടയത്തേക്ക് താമസം മാറ്റിയപ്പോൾ കുരിശുകൾ അവിടെയും കൂടെകൊണ്ടുവന്നു എന്നും എ.ഡി. 1550 ൽ സ്ഥാപിതമായ വലിയപള്ളിയിൽ പ്രതിഷ്ഠിച്ചു എന്നും വിശ്വസിക്കപ്പെടുന്നു. രണ്ടു കുരിശിൽ ചെറിയ കുരിശ് 7-ാം ശതകത്തിലെയും വലിയ കുരിശ് പത്താം ശതകത്തിലെയും പേർഷ്യൻ കുരിശാണെന്നു അറിയപ്പെടുന്നു. ഇതിലെ എഴുത്തുകൾ വളരെ പ്രാചീനകാലത്തെ പാലവി ഭാഷയിലുള്ള പേർഷ്യൻ ലിപികളാണ്. കോട്ടയം വലിയപള്ളി അഞ്ചു നൂറ്റാണ്ടുകളുടെ ചരിത്രം പേറി കോട്ടയത്തിന് അഴകായി ഇന്നും നിൽക്കുന്നു.

**കോട്ടയം ചെറിയപള്ളി**

വലിയപള്ളിയിൽ തെക്കുംഭാഗക്കാരും വടക്കുംഭാഗക്കാരും ഒന്നിച്ചു ശുശ്രൂഷകളിൽ സംബന്ധിച്ചിരുന്നു. അധികം ഇടവകക്കാരും വൈദികരും തെക്കുംഭാഗക്കാർ ആയിരുന്നു. പലപ്പോഴും ഇവർ തമ്മിൽ ചില്ലറ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കാലക്രമേണ അഭിപ്രായവ്യത്യാസം വർദ്ധിച്ചു. രാജസേവയിൽ പ്രധാനികളായിരുന്ന വടക്കുംഭാഗക്കാരുടെ തലവന്മാർ അവർക്കു സ്വന്തമായി പള്ളി സ്ഥാപിക്കുവാൻ സ്ഥലം നൽകണമെന്ന് തെക്കുംകൂർ രാജാവിനോടഭ്യർത്ഥിച്ചു. പള്ളിക്ക് സ്ഥലം ആവശ്യപ്പെട്ടവരിൽ പ്രധാനികൾ കുന്നുംപുറം, കിഴക്കേറ്റം, തോട്ടുങ്കൽ മുതലായ കുടുംബക്കാരാണ്. ക്ലിപ്തമായ സ്ഥലം നിശ്ചയിക്കുവാൻ എല്ലാവരും വിഷമിച്ചു. ഒടുവിൽ രാജാവ് ഒരു പോംവഴി കണ്ടുപിടിച്ചു. എരുത്തിലിൽനിന്നു നാലു പശുക്കളെ നാലു ദിക്കിലേക്കായി അഴിച്ചുവിട്ടു. ആദ്യം ഏതു പശു ഏതു സ്ഥലത്ത് ചാണകം ഇടുന്നുവോ അവിടെ പള്ളി സ്ഥാപിച്ചുകൊള്ളുവാൻ രാജാവ് അനുമതി നൽകി. വടക്കോട്ടു പോയ പശു ചെറിയപള്ളിയുടെ മദ്ബഹാ സ്ഥാനത്തെത്തി ചാണകമിട്ടു. അവിടെത്തന്നെ കുറ്റി അടിച്ചു സ്ഥാനം നിശ്ചയിച്ചു. ചുറ്റും 82 സെന്റ് സ്ഥലം പള്ളിക്ക് ലഭിച്ചു. നല്ല മുഹൂർത്തം നോക്കി പള്ളിയുടെ നിർമ്മാണം തുടങ്ങി. കൊല്ലവർഷം 755 -ാം മാണ്ട് (എ.ഡി. 1579) ദൈവമാതാവിന്റെ നാമത്തിൽ രാജാവ് തന്നെ പള്ളിനിർമ്മാണത്തിനു തറക്കല്ലിട്ടു ''നിങ്ങളും ഒരു ചെറിയപള്ളി സ്ഥാപിച്ചോ'' എന്നു രാജാവ് കൽപിച്ചതനുസരിച്ച് ''ചെറിയപള്ളി'' എന്ന പേര് പ്രയോഗത്തിൽ വന്നു.

> 1579 ൽ വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ കോട്ടയം ചെറിയപള്ളിയുടെ ചരിത്രം മലങ്കര സഭാചരിത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. അഞ്ചു നൂറ്റാണ്ടിന്റെ ചരിത്രം ഉറങ്ങുന്ന ഈ പള്ളിയിൽ സഭയുടെ നിർണ്ണായകമായ പല സംഭവങ്ങളും അരങ്ങേറിയിട്ടുണ്ട്. കോട്ടയത്തെ പ്രസിദ്ധവും പുരാതനവുമായ ഒട്ടുമിക്ക കുടുംബങ്ങളും ചെറിയ പള്ളിയുടെ അംഗങ്ങളായിരുന്നു.

നിർമ്മാണ ഘട്ടത്തിൽ വലിയപള്ളി ഇടവകക്കാരിൽ ചിലരുടെ എതിർപ്പുകൾ ധാരാളമുണ്ടായി. പകൽ പള്ളിയുടെ നിർമ്മാണം നടക്കും. രാത്രി പല ഭാഗങ്ങളും പൊളിച്ചു കളയും. ഭൂതങ്ങൾ പൊളിച്ചുകളയുന്നു എന്നാണ് പ്രചാരണം. ഒടുവിൽ പള്ളിപണിസ്ഥലത്ത് രാത്രി ഓരോ വീട്ടുകാർ കാവലിരിക്കുവാൻ തുടങ്ങി. ഒരു ദിവസത്തെ ഊഴം ഒരു സ്ത്രീയുടേതായിരുന്നു. അവർ കണ്ണടയ്ക്കാതെ കാത്തിരുന്നു. ഒറ്റയ്ക്കാണ് കാവൽ ഇരുന്നത്. പാതിരായോടുകൂടി പണിസ്ഥലത്തേക്കു രണ്ടു കൈ നീണ്ടുവന്നു. ആളെ കാണാനില്ല. ധീരയായ ആ സ്ത്രീ ഒരു വെട്ടരുവാൾ കരുതിയിരുന്നു. നീണ്ടുവന്ന കൈവിരലുകൾ അവർ വെട്ടിമുറിച്ചു കഷണമാക്കിയിട്ടു. അതോടെ ഭൂതത്തിന്റെ വരവും നിലച്ചു.

ഇത്രയും ധൈര്യം കാണിച്ച ഭൂതം എന്ന ശല്യത്തെ ഒഴിവാക്കിയ ആ സ്ത്രീയുടെ കുടുംബത്തിന് പള്ളിയുടെ കപ്യാർസ്ഥാനം സ്ഥിരമായി നൽകി. വെട്ടിപ്പിടിച്ച കപ്യാർ എന്ന് ആ കുടുംബത്തിന് ബഹുമതി ലഭിച്ചു. ഇവരുടെ പിൻഗാമികളാണ് കപ്യാർപറമ്പിൽപ്പെട്ട ശുശ്രൂഷക്കാരുടെ നീണ്ട നിര.

ചെറിയപള്ളിയുടെ ചുമർകെട്ടിന് അൽപ്പം ചെരിവ് ഉണ്ട്. ഈ ചെരിവ് പള്ളി പണിതകാലം മുതലുള്ളതാണ്. ഇതുസംബന്ധിച്ച് ഒരു കഥ പ്രചാരത്തിലുള്ളത് ചുവടെ ചേർക്കുന്നു.

പള്ളിപണി ആരംഭിച്ചു. തൊട്ടടുത്ത് താമസിക്കുന്ന തെക്കുംഭാഗക്കാരനായ ഒരു മൂപ്പന് ചില്ലറ കുസൃതി തോന്നി. പള്ളിപണിയുടെ ചുമതല വഹിക്കുന്ന കണക്കൻ പണിക്കനെ പതിവായി

വൈകിട്ട് തന്റെ വീട്ടിൽ സ്വല്പം ചില്ലറ പണികൾ നടത്തുവാൻ വിളിച്ചു. വൈകിട്ട് അൽപ്പനേരത്തെ കാര്യമല്ലേയുള്ളൂ എന്നു കരുതി പണിക്കൻ സമ്മതിച്ചു. ദിവസവും പകലത്തെ പള്ളി കഴിഞ്ഞു വൈകിട്ടു മൂപ്പന്റെ വീട്ടിൽ എത്തി അവിടെ ചെയ്യേണ്ട ജോലി ചെയ്തുപോന്നു. നല്ല പ്രതിഫലവും സുഖമായ ഭക്ഷണവും അൽപ്പം മദ്യവും നൽകി. മൂപ്പൻ പണിക്കനെ സന്തോഷിപ്പിച്ചു. കണക്കൻ പണിക്കൻ ജോലി ചെയ്യുമ്പോൾ കണക്കന്റെ അളവുകോൽ പണിക്കൻ അറിയാതെ ഒരോ ദിവസവും അല്പാല്പം മുറിച്ചു കളയുന്ന പണി മൂപ്പൻ ചെയ്തുപോന്നു. ഇതു പണിക്കന്റെ ശ്രദ്ധയിൽപെട്ടില്ല. കെട്ടിടത്തിന്റെ ചുവരുകെട്ടാൻ അളവുകോൽ ആയി ഉപയോഗിച്ചു പോന്നത് ഈ അളവുപകരണം ആണ്. അളവുകോലിന്റെ നീളം കുറഞ്ഞതുമൂലം ചുമർ നിർമ്മാണത്തിലും അല്പം ന്യൂനതപറ്റി. അങ്ങനെ ഉണ്ടായതാണ് ഭിത്തിയുടെ ചരിവ് എന്നാണ് കഥ. ഏതായാലും പള്ളി വളരെ ഭംഗിയായി പണിതുതീർത്തു.

കോട്ടയം പരിസരങ്ങളിൽ അതായത് കുറിച്ചി, പള്ളം, നീലംപേരൂർ, മാങ്ങാനം, മണർകാട്, തിരുവഞ്ചൂർ, മള്ളുശേരി, കല്ലുങ്കത്ര, കുമരകം മുതലായ സ്ഥലവാസികളായ സുറിയാനി ക്രിസ്ത്യാനികൾ ഏവരുടെയും ഇടവകപള്ളിയായിരുന്നു 'ചെറിയപള്ളി'. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതു കൂടാതെ മാമോദീസ, കല്യാണം, ശവസംസ്കാരം, ഇടവക ശുശ്രൂഷകൾ എല്ലാം ഈ പള്ളിയിലായിരുന്നു. ആയതിനാൽ പള്ളിയിൽ എപ്പോഴും വലിയ തിരക്കായിരുന്നു. ഒരിക്കൽ ഞായറാഴ്ച കുറിച്ചിയിൽനിന്നു ഒരു ശവം രാവിലെ അടക്കുവാൻ പള്ളിയിൽകൊണ്ടുവന്നു വച്ചിട്ട് പള്ളിയിലെ കർമ്മാദികൾ എല്ലാം തീർന്നു വന്നപ്പോൾ വളരെ വൈകിയതുമൂലം സന്ധ്യയോടെ മാത്രമേ അടക്കുവാൻ സാധിച്ചുള്ളൂ. അങ്ങനെ 'കുറിച്ചിക്കാർ ശവം വെച്ചുകൊണ്ടിരിക്കുന്നതുപോലെ' എന്നൊരു ചൊല്ലും ഉണ്ടായി. ക്രമേണ പള്ളിയിലേക്കുള്ള ദൂരവും അസൗകര്യങ്ങളും ജനസംഖ്യാവർദ്ധനവും കണക്കിലെടുത്ത് മേൽപ്പറഞ്ഞ സ്ഥലങ്ങളിലൊക്കെ പള്ളികൾ സ്ഥാപിച്ചു. ഇങ്ങനെ സ്ഥാപിച്ച പള്ളികളിൽ പ്രസിദ്ധിയാർജ്ജിച്ച രണ്ടു പള്ളികളാണ് പുതുപ്പള്ളിപള്ളിയും മണർകാട് പള്ളിയും.

1579 ൽ വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ കോട്ടയം ചെറിയപള്ളിയുടെ ചരിത്രം മലങ്കര സഭാചരിത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. അഞ്ചു നൂറ്റാണ്ടിന്റെ ചരിത്രം ഉറങ്ങുന്ന ഈ പള്ളിയിൽ സഭയുടെ നിർണ്ണായകമായ പല സംഭവങ്ങളും അരങ്ങേറിയിട്ടുണ്ട്. കോട്ടയത്തെ പ്രസിദ്ധവും പുരാതനവുമായ ഒട്ടുമിക്ക കുടുംബങ്ങളും ചെറിയ പള്ളിയുടെ അംഗങ്ങളായിരുന്നു. ആദ്യകാലങ്ങളിൽ കുറിച്ചി, പള്ളം, നീലംപേരൂർ, മാങ്ങാനം, തിരുവഞ്ചൂർ, മള്ളൂശ്ശേരി, കല്ലുങ്കത്ര, കുമരകം മുതലായ 82 കരകൾ ഉൾക്കൊണ്ട് 5000 ൽ പരം കുടുംബങ്ങൾ ഇടവകക്കാരായി ഉണ്ടായിരുന്നത്രേ!

കോട്ടയം പഴയസെമിനാരി സ്ഥാപിക്കുന്നതിനും രണ്ടര നൂറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിതമായ ഈ പള്ളി സഭയുടെ ആസ്ഥാനകേന്ദ്രവും മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയുമായിരുന്നു. നാലാം മാർത്തോമ്മായുടെ ഭരണകാലത്ത് മലങ്കരയിൽ വന്ന പേർഷ്യൻ മെത്രാൻ മാർ ഗബ്രിയേൽ ഈ പള്ളിയിൽ കുറെക്കാലം താമസിക്കുകയും 1731 ഫെബ്രുവരി 19 ന് കാലം ചെയ്യുകയും ചെറിയപള്ളിയുടെ മദ്ബഹായിൽ കബറടക്കം ചെയ്യപ്പെടുകയും ചെയ്തു. പിൽക്കാലത്ത് 1876 ൽ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ചെറിയപള്ളി സന്ദർശിച്ച വേളയിൽ മാർ ഗബ്രിയേൽ നെസ്തോറിയ വിശ്വാസിയായിരുന്നു എന്ന കാരണം ആരോപിച്ച് അദ്ദേഹത്തിന്റെ കബർ പൊളിച്ചുകളയുകയും ചെയ്തു.

പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് ഒന്നാമന്റെ പിൻഗാമിയായി വാഴിക്കപ്പെട്ട പുന്നത്ര മാർ ദിവന്നാസിയോസ് കോട്ടയം ചെറിയപള്ളി ഇടവക വികാരിയായിരുന്നു. സഭയുടെ വികാരി ജനറാൾ എന്ന പദവിയിൽനിന്ന് അദ്ദേഹത്തെ മലങ്കരമെത്രാപ്പോലീത്താ ആയി 1817ൽ വാഴിച്ചു. അദ്ദേഹത്തിന്റെ വസതിയും ഓഫീസും ചെറിയ പള്ളി ആയിരുന്നു. 1825 മെയ് 16ന് അദ്ദേഹം കാലം ചെയ്യുകയും ചെറിയപള്ളിയുടെ മദ്ബഹായിൽ അടക്കം ചെയ്യപ്പെടുകയും ചെയ്തു.

പുരാതന കേരള വാസ്തുശില്പ വിദ്യ അനുസരിച്ചു പണിത ഈ പള്ളി ടൂറിസ്റ്റുകളുടെ ഒരു പ്രധാന ശ്രദ്ധാകേന്ദ്രമാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് ഇലച്ചാറുകൾ ഉപയോഗിച്ച് വരച്ച ചുവർചിത്രങ്ങൾ ഇന്നും വിസ്മയമായി നിൽക്കുന്നു.



# പഴയ നിയമ പ്രവാചകന്മാരുടെ കാലാനുക്രമണിക

ഫാ. കെ. വി. ഏലിയാസ്

പഴയ നിയമ പുസ്തകങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നതിൽ രണ്ടാമത്തെ വകുപ്പിന് പറയുന്ന പേരാണ് പ്രവാചകന്മാർ. പഴയനിയമ പ്രകാരം 'പ്രവാചകന്മാർ' എന്നുകേൾക്കുമ്പോൾ ഒരുകൂട്ടം ഗ്രന്ഥങ്ങൾ ആണ് അത് എന്ന് മനസ്സിലാക്കണം (ന്യായപ്രമാണം, എഴുത്തുകൾ എന്നിവയാണ് മറ്റു രണ്ടു വകുപ്പുകൾ)

പ്രവാചകൻ എന്നപദത്തിനു തുല്യമായ യവന പദവും, എബ്രായപദ സമുച്ചയങ്ങളും 'കാര്യങ്ങൾ മുൻകൂട്ടി പറയുന്നവൻ' എന്നതിനേക്കാൾ 'കാര്യങ്ങൾ മുഖത്ത് നോക്കിപ്പറയുന്നവൻ' എന്ന അർത്ഥത്തിലാണ് ഊന്നൽ കൊടുക്കുന്നത്. സ്വയം നേട്ടത്തിനായല്ല, ദൈവേഷ്ടത്തിന് വിധേയമായി ദൈവവചനം വെളിപ്പെടുത്തുന്ന തിരുത്തൽ ശക്തികളാണ് പഴയനിയമ പ്രവാചകന്മാർ.

ഗ്രന്ഥസമുച്ചയമായ പ്രവാചക ഗ്രന്ഥങ്ങളെ മുൻകാല-പിൽക്കാല പ്രവാചകന്മാർ എന്ന് രണ്ടായി തിരിച്ചിട്ടുണ്ട്. യോശുവ, ന്യായധിപന്മാർ. 1,2 ശമുവേൽ, 1,2 രാജാക്കന്മാർ എന്നിവ മുൻകാല പ്രവാചകന്മാരുടെ ഗണത്തിൽ പെടും. പിൽക്കാല പ്രവാചകന്മാരെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്ന് വീണ്ടും രണ്ടായി തിരിച്ചിട്ടുണ്ട്. യെശയ്യാവ്, യിരെമ്യാവ്, യെഹസ്കീയേൽ, (ദാനീയേൽ) എന്നിവർ വലിയ പ്രവാചകന്മാരാണ്. ഹോശേയ മുതൽ മലാഖിവരെയുള്ളവർ ചെറിയ പ്രവാചകന്മാരും. പ്രവചനത്തിന്റെ കാതലല്ല, എഴുതിക്കിട്ടിയ പുസ്തകത്തിന്റെ വലിപ്പമാണ് വലിയത്, ചെറിയത് എന്ന തിരിവിന് ആധാരം. പിൽക്കാല പ്രവാചകന്മാർ ഗ്രന്ഥസമുച്ചയമായിരിക്കുമ്പോൾ തന്നെ ആ പേരുകളിൽ പ്രവചനം നടത്തിയ വ്യക്തികൾ കൂടെയാണ്. ഇവർ ജീവിച്ച, പ്രവർത്തിച്ച കാലങ്ങളറിയുന്നത് ഈ ഗ്രന്ഥങ്ങളുടെ ആശയം/സന്ദേശം മനസ്സിലാക്കുന്നതിന് വളരെ സഹായകമാണ്.

സത്യവേദ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ച് ഓരോ പ്രവാചകന്മാരെയും ചരിത്രകാലഘട്ടത്തോട് ബന്ധിച്ച് അവതരിപ്പിക്കുകയാണിവിടെ. കാലാനുക്രമണിക പട്ടിക ഒടുവിൽ നൽകാം. ഓരോ പ്രവാചകന്റെയും സന്ദേശം അദ്ദേഹം ജീവിച്ച കാലഘട്ടവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രവാചകന്മാരെല്ലാം ശൗലിലാരംഭിച്ച ഏകയിസ്രായേൽ ദാവീദ്-ശലോമോൻ എന്നിവരുടെ കാലത്ത് ശക്തിപ്രാപിക്കുകയും തുടർന്ന് രണ്ടായി യിസ്രായേൽ (വടക്ക്) യഹൂദാ (തെക്ക്) രാജ്യങ്ങളായി മാറുകയും ചെയ്തശേഷമുള്ള കാലഘട്ടത്തിലാണ് അവരവരുടെ ശുശ്രൂഷ/ദൗത്യം നിർവ്വഹിക്കുന്നത്.

**1. യശയ്യാവ്:** 66 അദ്ധ്യായങ്ങളുള്ള ഈ പുസ്തകത്തെ മൂന്നു വ്യത്യസ്ത കാലഘട്ടങ്ങളിൽ നിന്ന് ഉള്ളതായി കണക്കാക്കുന്നു. സന്ദേശം, ഭാഷാ ശൈലി, വേദശാസ്ത്രം, പദപ്രയോഗങ്ങൾ എന്നിവയാണ് ഈ തിരിവിന് അടിസ്ഥാനം. ഒന്നാം യശയ്യാവ്, രണ്ടാം യശയ്യാവ്, മൂന്നാം യശയ്യാവ് എന്ന് സൗകര്യത്തിനുവേണ്ടി ഇവയെ വിളിക്കാം.

ഒന്നാം യശയ്യാവ് (1-39 അദ്ധ്യായങ്ങൾ) ഗദ്യരൂപത്തിലാണ്. പ്രവചനകാലഘട്ടം യഹൂദാരാജാക്കന്മാരായ ഉസ്സീയാവ്, യോഥാം, അഹാസ്, യെഹെസ്കിയാവ് എന്നിവരുടേതാണ് (ക്രി. മു. 742-701. യശ. 1:1 നോ.). ദേശീയരും വിദേശീയ

---

*ഫാ. കെ. വി. ഏലിയാസ്*
*ഒ.എസ്.എസ്.എ.ഇ.യുടെ പരീക്ഷാ കൺട്രോളറായി പ്രവർത്തിക്കുന്നു.*
*ഒ.വി.ബി.എസിന്റെ ഡയറക്ടറായി അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്.*
*ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പഴയനിയമവിഭാഗം അദ്ധ്യാപകനാണ്.*

രുമായ ശത്രുക്കൾക്കെതിരെയാണ് ഈ പ്രവാചകൻ ശബ്ദിക്കുന്നത്.

രണ്ടാം യശയ്യാവ് (40–55 അ.). ക്രി. മു. 538 ൽ ഒരു വിളംബരത്തിലൂടെ പാർസി രാജാവായ കോരെശ് പ്രവാസത്തിലായിരുന്ന യഹൂദന്മാരെ യരുശലേമിലേയ്ക്കു മടങ്ങുവാൻ അനുവദിച്ചു. കോരെശിനെ യഹോവയുടെ ദാസനായി കണ്ട്, യിസ്രായേൽ ജനത്തെ ആശ്വസിപ്പിക്കുന്ന ഈ പ്രവചനം ക്രി. മു. 539 ന് മുമ്പുള്ള ഏതാനും വർഷങ്ങളാണ്.

മൂന്നാം യശയ്യാവ് (56–66 അ). യുഗാന്ത്യ ചിന്തകളാണ് ഈ ഭാഗത്തെ പ്രതിപാദ്യം. യഹൂദന്മാർക്കിടയിൽ യുഗാന്ത്യ ചിന്ത മുഖ്യസ്ഥാനം പിടിക്കുന്നത് പ്രവാസാനന്തര കാലഘട്ടത്തിലാണ്. അതുകൊണ്ട് ഈ ഭാഗം ക്രി. മു. 530–510 കാലഘട്ടത്തിൽ നിന്നുമുള്ളത്.

**2. യിരെമ്യാവ്:** യിരെമ്യാവിന്റെ പ്രവർത്തന കാലം യഹൂദാരാജ്യത്തിന്റെ അവസാനനാളുകളാണ്. യോശിയാവിന്റെ കാലത്തു (640–609) പ്രവർത്തനം തുടങ്ങി (1:1) ബാബേൽ പ്രവാസത്തിലേയ്ക്കു (587) കൊണ്ടുപോകപ്പെട്ടു. അതുകൊണ്ട് ക്രി.മു. 627–587 യിരെമ്യാവിന്റെ ശുശ്രൂഷാകാലഘട്ടമായി കരുതപ്പെടുന്നു. യഹൂദായ്ക്കും യരുശലേമിനുമെതിരെയുള്ള പ്രവചനങ്ങളും, യിരെമ്യാവിന്റെ തന്നെ ആത്മീയ പോരാട്ടവുമാണ് ഈ പുസ്തകത്തിലെ പരാമർശം. 52 അദ്ധ്യായം

**3. യെഹെസ്കേൽ:** യഹൂദാരാജാവിന്റെ പ്രവാസത്തിന്റെ അഞ്ചാം ആണ്ടിലാണ് (1:2) ശുശ്രൂഷയുടെ തുടക്കം ക്രി.മു. 593–563 ആണ് പ്രവർത്തനം. ബാബേലിൽ പ്രവാസികൾക്കൊപ്പം താമസിച്ച് (കേബാർ നദീതീരം 1:1) പ്രവാസികളായ യഹൂദന്മാർക്ക് പ്രത്യാശയും ജാതികൾക്കു മുന്നറിയിപ്പും നൽകുന്നു. 48 അദ്ധ്യായങ്ങൾ.

**4. ഹോശേയ:** യഹൂദാരാജക്കന്മാരായ ഉസ്സീയാവ്, ആഹാസ്, യോഥാം, ഹിസ്കീയാവ് (783–686) യിസ്രായേൽ രാജാവായ യൊരൊബെയാം II (786–746) എന്നിവരുടെ കാലത്ത് (1:1). യശയ്യാ ഒന്നാമന്റെ സമകാലീനൻ. ജീവിതം കൊണ്ട് ദൈവത്തിന്റെ സന്ദേശം അറിയിച്ചു. വീണ്ടെടുക്കുന്ന സ്നേഹം, നിലനിൽക്കുന്ന സ്നേഹം, പാപം കണക്കിടാത്ത സ്നേഹം (Stead fasst Love) ആണ് വിഷയം. 14 അദ്ധ്യായം.

**5. യോവേൽ:** പാർസി രാജാക്കന്മാരുടെ കാലത്ത് പ്രവചനം നടത്തിയെന്ന് പൊതുവേ വിശ്വസിക്കപ്പെടുന്നു. ക്രി.മു. 539–531 അല്ലെങ്കിൽ 400–350. കർത്താവിന്റെ ദിവസം, വെട്ടുക്കിളി ശല്യം എന്നിവ പരാമർശിക്കപ്പെടുന്നു. അദ്ധ്യായം 3.

**6. ആമോസ്:** യഹൂദാരാജാവായ ഉസ്സീയാവ് (783–742), യിസ്രായേൽ രാജാവായ യൊരോബയാം 2 (786–746) എന്നിവരുടെ കാലം (1:1). യെശയ്യാവ്, ഹോശേയാ എന്നിവരുടെ സമകാലിനനോ, അവരേക്കാൾ അല്പം മുമ്പോ യഹൂദയിലെ തെക്കോവയിൽ നിന്നുള്ള ആമോസ് വടക്ക് ശമര്യയിലും ബേഥേലിലും പ്രവചനം നടത്തി. ക്രി. മു. 760–750 ഇദ്ദേഹത്തിന്റ ശുശ്രൂഷാഘട്ടം. പൊതുവെ സമാധാനകാലഘട്ടം എന്നുകരുതിയ സന്ദർഭത്തിൽ കഠിനവാക്കുകളാൽ വടക്കേരാജ്യമായ യിസ്രായേലിനെതിരെ പ്രവചിച്ചു. 'നീതിയുടെ പ്രവാചകൻ' എന്ന് വേദപണ്ഡിതർ ഇദ്ദേഹത്തെക്കുറിച്ചു പറയുന്നു. അദ്ധ്യായം 9.

**7. ഓബദ്യാവ്:** പുസ്തകത്തിൽ നിന്ന് ഒരു സൂചനയും ലഭിക്കുന്നില്ല. ബാബേൽ യഹൂദയെ ആക്രമിച്ചപ്പോൾ (ബാബേൽ എന്ന പദമില്ല) സഹോദര വംശമായ എദോം (എദോമ്യർ യാക്കോബിന്റെ സഹോദരൻ ഏശാവിന്റെ പിന്മുറക്കാരാണ്) സഹായിച്ചില്ല എന്നതാണ് വിഷയം അതുകൊണ്ട് ഒരുപക്ഷേ, യഹൂദാ പ്രവാസത്തിലേയ്ക്കു പോയതിനു തൊട്ടു പിന്നാലെയാകാം ഓബദ്യാവിന്റെ പ്രവചനം ഉണ്ടായത്; ക്രി.മു. 586. പഴയനിയമത്തിലെ ഏറ്റവും ചെറിയ പുസ്തകം.

**8. യോന:** ഇതൊരു പ്രവചന ഗ്രന്ഥമല്ല. പ്രബോധന കഥയാണ്. യോനാ എന്നമനുഷ്യന്റെയും നിനുവെയെന്ന നഗരത്തിന്റെയും പശ്ചാത്തലത്തിൽ രിചക്കപ്പെട്ടത്. അനുതാപത്തിലേയ്ക്കു വരികയെന്ന ആഹ്വാനമാണിതിന്റെ പ്രമേയം. 2 രാജാ. 14:25ൽ യോനാ പ്രവാചകനെക്കുറിച്ച് പറയുന്നുണ്ട്. അത് യിസ്രായേൽ രാജാവായ യൊരൊബെയാം രണ്ടാമന്റെ (786–746) കാലഘട്ടമാണ്. അദ്ധ്യായം 4

**9. മീഖാ:** യഹൂദാരാജാക്കന്മാരായ യോഥാ, ആഹാസ്, യെഹെസ്കിയാവ് (742–715) എന്നിവരുടെ കാലത്ത് പ്രവചനം നടത്തി. ആമോസ്, ഹോശേയ, യശയ്യാവ് ഒന്നാമൻ എന്നിവരുടെ സമകാലീനൻ, യഥാർത്ഥ ആരാധനയുടെ വക്താവായിരുന്നു മീഖ. 7 അദ്ധ്യായങ്ങൾ.

**10. നഹും:** അശൂരിന്റെ തലസ്ഥാനമായ നിനുവെയ്ക്കെതിരെ പ്രവചനം നടത്തിയ പ്രവാചകൻ ക്രി. മു. 721 ൽ യിസ്രായേലിനെ അശൂർ കീഴ

ടക്കി. ക്രി. മു. 612ൽ ബാബേൽ സൈന്യം അശൂരിനെ കീഴ്പ്പെടുത്തി നിനുവെ നഗരം നശിപ്പിച്ചു. ഈ സംഭവത്തിനു മുമ്പാകണം നഹൂമിന്റെ പ്രവചനം. ക്രി. മു. 626 നും 612 നും ഇടയിൽ. 3 അദ്ധ്യായങ്ങളുണ്ട് ഈ പുസ്തകത്തിൽ.

**11. ഹബക്കൂക്:** ബാബേൽ രാജ്യം അതിന്റെ സുവർണ്ണകാലഘട്ടത്തിലായിരുന്ന സമയമെന്ന് 1:5–11 വാക്യങ്ങൾ സൂചിപ്പിക്കുന്നു. ദുഷ്ടർ തഴെച്ചു വളരുന്നതിനെക്കുറിച്ചുള്ള ഒരു ചോദ്യമാണ് ആദ്യഭാഗം. രണ്ടാം ഭാഗം മനോഹരമായൊരു സങ്കീർത്തനവും മൂന്ന് അദ്ധ്യായങ്ങളുള്ള ഈ പ്രവചനം മേൽ സൂചനയനുസരിച്ച് ക്രി. മു. 608–598 കാലഘട്ടത്തിൽ ഉണ്ടായി.

**12. സെഫന്യാവ്:** യഹൂദാരാജവംശത്തിൽ പിറന്നവനും യഹൂദാരാജാവായ യോശീയാവിന്റെ കാലത്ത് പ്രവചനം നടത്തിയവനുമാണ് സെഫന്യാവ്. യോശിയാവിന്റെ ഭരണം 640–609 കാലത്തായിരുന്നു. അതുകൊണ്ട് ക്രി. മു. 630–621 കാലഘട്ടങ്ങളിൽ പ്രവചന ശുശ്രൂഷ നടത്തിയിരുന്നുവെന്ന് വേദപണ്ഡിതർ. അദ്ധ്യായം 3.

**13. ഹഗ്ഗായി:** പാർസി രാജാവായ കോരെശിന്റെ വിളംബരപ്രകാരം (538) യരുശലേമിലെയ്ക്കു മടങ്ങിയ യഹൂദന്മാർ ദേവാലയപുനർനിർമ്മാണം ആരംഭിച്ചെങ്കിലും അത് പൂർത്തിയാക്കാനായില്ല. ഇടയ്ക്കു നിന്നുപോയ ദേവാലയ നിർമ്മാണം സെരൂബ്ബാബേലും യോശുവയും ചേർന്ന് പുനരാരംഭിച്ചു. ക്രി. മു. 515 ൽ അത് പൂർത്തീകരിച്ചു. ഇക്കാലഘട്ടത്തിൽ യഹൂദജനത്തെ ദേവാലയ നിർമ്മാണത്തിന് ഉത്സാഹിപ്പിച്ച പ്രവാചകനാണ് ഹഗ്ഗായി. ക്രി. മു. 520 ആണ് ഹഗ്ഗായിയുടെ പ്രവർത്തനകാലം. പുസ്തകത്തിൽ വിവിധഭാഗങ്ങളിലെ ചരിത്രപരാമർശങ്ങൾ (1:1:2:1 മു.) അതിലേയ്ക്കു വിരൽ ചൂണ്ടുന്നു. അദ്ധ്യായങ്ങൾ 3.

**14. സെഖര്യാവ്:** ഹഗ്ഗായി പ്രവാചകന്റെ സമകാലികൻ. ദേവാലയ നിർമ്മാണകാര്യത്തിൽ തീക്ഷ്ണവാൻ (അ. 1–8). അതുകൊണ്ട് 520–18 കാലഘട്ടം പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അ. 9–14 ലെ ഭാഷാശൈലി 1–8 ൽ നിന്ന് വളരെ വ്യത്യസ്തമാണ്. പാർസികളേക്കുറിച്ചല്ല യവനന്മാരെക്കുറിച്ചാണ് ആ ഭാഗത്ത് പരാമർശമുള്ളത്. അതുകൊണ്ട് ഈ ഭാഗം പിൽക്കാല രചനയാകാമെന്ന് പറയാം. ഈ ഭാഗത്തെ രണ്ടാം സെഖര്യാവ് എന്ന് വേദപഠിതാക്കൾ സൂചിപ്പിക്കുന്നു. ആകെ അദ്ധ്യായം 14.

**15. മലാഖി:** പ്രവാചകനെക്കുറിച്ച് ഒരു സൂചനയും ഗ്രന്ഥത്തിൽനിന്ന് ലഭിക്കുന്നില്ല. പേരുപോലും യാഥാർത്ഥ്യമോയെന്ന് സംശയം. 'എന്റെ ദൂതൻ' എന്നാണ് ഈ വാക്കിന്റെ അർത്ഥം (3:1 നോ.). ദേവാലയം കേന്ദ്രീകരിച്ച് പൗരോഹിത്യത്തെയും അവരുടെ ദൗത്യത്തേയും അതിഗൗരവമായി ഈ പുസ്തകം കാണുന്നു. യഹോവയുടെ ന്യായപ്രമാണത്തെ ഊന്നിപ്പറയുന്ന ഈ പ്രവാചകൻ ക്രി. മു. 500–450 കാലഘട്ടത്തിൽ ജീവിച്ചിരുന്നതായി പറയപ്പെടുന്നു. മലാഖിയിൽ 4 അദ്ധ്യായങ്ങളുണ്ട്.

**I. ക്രിസ്തുവിനുമുമ്പ് 8–ാം നൂറ്റാണ്ട് (പ്രവാസത്തിനു മുമ്പ്)**

ആമോസ്, ഹോശേയ – വടക്കേ രാജ്യമായ യിസ്രായേലിൽ

യശയ്യാവ് I, മീഖ – തെക്കേ രാജ്യമായ യഹൂദായിൽ

യോന – യിസ്രായേലിൽ

ക്രി. മു. 721. ശമര്യ നശിപ്പിക്കപ്പെട്ടു. ഇനി യഹൂദാരാജ്യം മാത്രം.

**II. ക്രിസ്തുവിനു മുമ്പ് 7–ാം നൂറ്റാണ്ട് (പ്രവാസത്തിനു മുമ്പ്)**

നഹൂം – നിനുവയ്ക്കെതിരെ

ഹബക്കൂക് – ബാബേലിനെതിരെ?

സെഫന്യാവ് –

യിരെമ്യാവ് –

**III. ക്രിസ്തുവിനു മുമ്പ് 6–ാം നൂറ്റാണ്ട് (പ്രവാസ–പ്രവാസാനന്തര കാലം)**

യിരെമ്യാവ്

യെശയ്യാവ് II & III

യോവേൽ

ഓബദ്യാവ്

ഹഗ്ഗായി

സെഖര്യാവ്

**IV. ക്രിസ്തുവിനുമുമ്പ് 5–ാം നൂറ്റാണ്ട് (പ്രവാസാനന്തര കാലം)**

മലാഖി

**V. ക്രിസ്തുവിനു മുമ്പ് 4–ാം നൂറ്റാണ്ട് (പ്രവാസാനന്തര കാലം)**

യോവേൽ •

# Worthy Worship Leads To A Worthy Life



**Fr. Dr. Reji Geevarghese**
(Orthodox Theological Seminary, Kottayam)

Let us look at the Word of God for our quick reflection of the theme.

**Romans 12:1-2, "**I appeal to you therefore, brothers and sisters, by the mercies of God, to present your bodies as a living sacrifice, holy and acceptable to God, which is your spiritual worship. Do not be conformed to this world, but be transformed by the renewing of your minds, so that you may discern what is the will of God, what is good and acceptable and perfect" (NRSV).

Apostle Paul is making a unique appeal to the Christian Church in Rome, a community not founded by him. The key word to explore the content of the appeal is 'therefore' in verse 1. The appeal is not simply an exhortation or rhetoric but a reminder in the light of what has been said previously in the letter. The apostle has depicted how God has showered his mercy and grace upon humanity irrespective of their frailties in the previous chapters (9-11). He also described how God rescued humanity from eternal destruction. On this basis Paul brings the attention of his readers to do something very special. He speaks as an agent of God's mercy (11:13-14, 22, 30-31). Let us look at what the master builder of the Church says.

The apostle asks the Church to offer a very special offering to God. Offering of the body as a sacrifice is a response to God's love showed through His Son Jesus Christ. One experiences this love in an existence 'in Christ' through the work of the Holy Spirit started off with the sacrament of baptism (6:1-14). A believer with a grateful heart, therefore, worships God in a fitting manner. The temple worship (Jerusalem Temple) was characterised by sacrifice of animals for the remission of sins. The living animals are sacrificed for the sins of human being. But once the sacrifice is offered the animal is no more alive. Worship is the privilege of the people of God (Rom. 9:4). Paul speaks of a sacrificial worship which involves no animals. He exhorts his readers to offer themselves as sacrifice. He is not simply speaking of a spiritual sacrifice in the sense that it excludes the physical aspects. Paul is not imploring to offer the sacrifice as slaughtered animals. But Christians are appealed to offer their bodies. Body means the living body here and now. Obviously the body is conditioned by time and space. The body experience the multiple pressures of the time. One has to overcome these pressures by the sacrificial offering.

The whole body is to be presented as a sacrifice and not a part of it. This means one has to present him or her as sacrifice. The whole person of the worshiper is to be presented before God as offering (6:13, 16, 19). Body denotes not just the person but the person in his or her corporeality in one's concrete relationships within this world. This is so because one can experience the world and relate to others in the body. It is as part of the world and within the world that Christian worship. The invitation to offer the body of the worshiper as a living sacrifice is challenging. It is not like the offering of gold or money or any other precious material things to reciprocate the blessings received from the deity.

Most scholars of Paul today agree that Paul's concept of body, that is his anthropological stance, derives from Judaism rather than from Hellenistic world. In the Hellenistic world body is viewed as evil and something from which we are to be

redeemed. The Platonic view on body is expressed in an Orphic phrase "a prison-house for the soul". Paul being a staunch Jew views the body as the integration of body and soul. When Paul speaks of human body he means the person in its entirety. He does not divide between the body and soul. In other words, Paul asks his readers to present themselves as offering to God. The readers are to present their whole being to God (Rom 8:10-11, 1 Cor 6:12-20). Just as the English word 'everybody' means 'everyone' Paul urges his readers to present themselves to God. Nothing is excluded from the person.

The nature of the new age that dawned with Christ is reflected in the advice of the apostle. The life of a Christian is new. Therefore, their imperative is to reject the pressure of the present age. The life of the new age opened up by the Holy Spirit needs to be fostered in the life of the faithful. The life in Christ has brought a new norm or a new pattern of life to follow through. The Holy Spirit is the guide of the new life. This is the 'in Christ' mode of existence of the faithful. The apostle directs them let not the world around them squeeze them. Though the Christian worships in spirit and in truth the bodily character is emphasised (cf. Jn 4:23). Obedience of the whole person is envisaged in worship. The sacrifice must be holy. Therefore moral uprightness and its allusion to the temple cult is within the view. By holy the apostle means the setting apart nature of worship. The person is not a casual thing to be handled without care or sacrilege. When a person is offered as a sacrifice to God he/she is set apart to God. Ungodliness has no place in his/her life.

The offering should also be acceptable to God. Otherwise it might not be pleasing (Hosea 8:13, Amos 5:22, Micah 6:7, Malachi 1:8, 10, 13). Another character expected of the offering is spiritual. The NRSV translates the Greek words *logiken latreian* as spiritual worship. But a better translation would be 'reasonable worship'. As a rational being what is expected of from the humans is a reasonable worship. Mythical or bestial sacrifice or Satan worship is beyond true worship. People wrongly worship ego, passions, power, money or like things without giving due worth to God. The book of revelation reveals that God is worthy of worship (chapters 4-5). God accepts worthy worships. Humans as rational beings ought to acknowledge God's worthiness in a befitting manner. Offering oneself as an acceptable offering to God is the worthy worship according to Paul.

Paul speaks of a distinct worship different from the old cultic practice of animal worship or evil spiritual practices. The people of God for centuries were looking forward to a new age and they are now in it. Believers should not be conformed to the pattern of the present age. Paul warns the community about the norm of the time rather than the world. The apostle appeals not to conform to this age but form oneself after another. This is evidenced from the verb *sunschema*. One has to take continues precaution to follow the advice of the apostle as he uses the present imperative form of the verb to insist a strong advice. It is a continuous precaution. The tendency to conform to the norms of the time needs to be overcome. The fashion of the day changes according to the passage of time. If the believers follow an unchanging form then they need not to follow the challenge of the age (cf. 1 Cor 7:31). The norms Christians are to follow are not of this time but of the new age inaugurated by Jesus Christ. The moral standard that is to follow is set into motion by the divine intervention of God in history. Therefore, one needs to make a balance between worship and actions in life.

Another peculiarity of the liturgy is that it is well pleasing to God. Life in Christ initiated and sustained by the spirit is pleasing to God. Someone may think that our actions or inactions can commend God. According to Paul our actions like worship and obedience, holiness and unity do in fact please God (Rom 14:18, 2 Cor 5:9, Eph 5:10, Phil 4:18, Col 3:20). A life lived according to the pressures of the flesh cannot please God (Rom 8:8). Pleasing oneself (15:1) or another (Gal 1:10) is in contrast to pleasing God. Human beings have been restored in God's image (Rom 1:18-25) and therefore humans can please God.

Verse 2 emphasises the actions of the mind. Paul holds the view that human mind in its unredeemed state is rebellious and antagonistic to God's will (Rom 1:18-32). The human beings in the natural state flounder in darkness and are fraught with wickedness and evil. This deplorable state is reversed in the incarnation of Jesus Christ. Thus a new age has dawned in history. The new age spirituality that is getting momentum among the youth today is different from the spirituality derived from the new age put into motion by Jesus. The former sees one's mind is free and one can control it by physiological and acrobatic exercises. In the present scenario body is seen as a means to satiate the passions of mind. What one feels is achieved through body without any moral remorse. According to Paul the Lord has a domain over one's body (1 Cor 6:19) and it is destined for a higher goal like resurrection (6:14). The bodily existence is to please God in manifold ways. Presenting the body to God as pure and acceptable sacrifice is the best way to keep the body from all evils of the time. The bible unequivocally declares that God accepts only pure offerings. The prophets of all times revealed this intention in worships. When the people of God offered sacrifices that are not in tune with the morality of the spirituality they uphold God rejected them. Faith and deeds must take visible expression in our daily life. The impetus for this is gained through worship just as prophet Isaiah was inspired by the divine worship (Isaiah 6).

The appeal of the apostle has special note to the youth because it is the dynamic stage of a person's life as far as the body and its actions are concerned. Throughout the history of humanity the youth has been enticed, manipulated and misused in the name of faith. Many spiritual leaders and organisations promote a spirituality that gives much importance to the body at the cost of other faculties of life. This leads to a kind of hedonism and prosperity theology. The tendency to indulge body in any carnal satisfaction under the pretext that the soul is more important or the bodily actions do not matter in spiritual pursuit is dangerous. We should have a comprehensive understanding of a person as a composite of body and mind. The present age is very much in favour of unleashing what one feels. The body becomes just a medium for the passions the mind fancies. The Apostle's words are a clarion call to offer the whole being of a faithful as sacrifice. The faithful by presenting the whole being to God venerates not only the divine but the faithful as well. True worship leads to a meaningful life that follows the dictum 'the liturgy after the liturgy'. It is highly demanded in the present age where so much harm is done in the name of faith expressions.

•




പുസ്തകപരിചയം

## സങ്കീർത്തനം ആരാധനകളിൽ

### പ്രൊഫ. ഡോ. ചെറിയാൻ തോമസ്

"സാധാരണ നമസ്ക്കാരം, കുർബ്ബാന, മാമ്മോദീസാ, വിവാഹം, തൈലാഭിഷേകം, ഭവനകൂദാശ, ശവസംസ്ക്കാരം തുടങ്ങിയ എല്ലാ ശുശ്രൂഷാക്രമങ്ങളിലേയ്ക്കും കടന്നെത്തി അവിടെയെല്ലാം ഉള്ള സങ്കീർത്തന ഉദ്ധരണികളെയും അനുബന്ധ ഗാനങ്ങളെയുംപറ്റി പരാമർശിക്കുന്ന ഒരു നല്ല പഠനമായി ഞാൻ ഈ ഉദ്യമത്തെ കാണുന്നു."

റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വാ

# അധ്യാപനശൈലി: യേശുവിന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ



ഡീക്കൻ ജോബ് സാം മാത്യു, കൊടുമൺ

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ ശിഷ്യന്മാരെ തെരഞ്ഞെടുക്കുകയും അവരെ അഭ്യസിപ്പിക്കുകയും ദൗത്യത്തിനായി നിയോഗിക്കുകയും ചെയ്തു. യേശുക്രിസ്തുവിനെ അനുഗമിക്കാനും അനുകരിക്കാനും സാക്ഷീകരിക്കാനുമായിരുന്നു അവരുടെ വിളി. ലോകം ദർശിച്ചതിൽ ഏറ്റവും ശ്രേഷ്ഠനായ ഗുരുവായിട്ടാണ് യേശു അറിയപ്പെടുന്നത്. പുതിയ നിയമത്തിലും സഭാപിതാക്കന്മാരുടെ രചനകളിലും ഈ ആശയം സാധൂകരിക്കുന്നു. യേശു തന്റെ ശിഷ്യന്മാരെ അഭ്യസിപ്പിച്ച രീതി ഓരോ ആത്മീയ ഗുരുവിനും മാതൃകയാണ്. യേശുവിന്റെ അധ്യാപന ശൈലിയുടെ പ്രത്യേകതകൾ അറിയാനുള്ള ശ്രമമാണ് ഈ ലേഖനത്തിലൂടെ ലക്ഷ്യമാകുന്നത്.

### 1. വ്യക്തിപരമായ അഭിസംബോധന

ഓരോ ശിഷ്യന്റെയും പേര് യേശുവിനറിയാം. ഒരു സന്ദർഭത്തിലും ആശങ്കയുണ്ടാകാതെ ശിഷ്യന്മാരെ അഭിസംബോധന ചെയ്യുന്നു. ശീമോന് പത്രോസ് എന്ന് പുനർനാമകരണം നൽകി (മത്താ. 16:18). സെബദി മക്കളെ ബോവനർഗ്ഗസ് (ഇടിമക്കൾ) എന്നു വിശേഷിപ്പിച്ചു. വ്യക്തിതലത്തിൽ ആത്മബന്ധമുണ്ടാകുമ്പോൾ സംവേദനങ്ങൾ സുഗമമാകും. ഗുരുവിന് തങ്ങളെ അടുത്തറിയാം എന്ന ബോധ്യം ശിഷ്യരുടെ ജീവിതശൈലിയിൽ പ്രകടമായ മാറ്റങ്ങളുണ്ടാക്കും.

### 2. അധ്യാപനശൈലികളുടെ വൈവിധ്യം

വിവിധരീതികൾ യേശു ആവിഷ്ക്കരിച്ചു. സ്വർഗ്ഗീയ മർമ്മങ്ങൾ പ്രിയ ശിഷ്യർക്കു സുപരിചിതമാകണം. ഗഹനമായ ആശയങ്ങൾ ശിഷ്യർ മനസ്സിലാക്കുകയും പിന്നീട് അവ പകർന്നു നൽകുകയും വേണം. ഒരേ രീതിയിൽ പഠിപ്പിക്കാതെ, വ്യത്യസ്തതകൾ കൊണ്ടുവരാൻ യേശു ശ്രമിച്ചു. സങ്കീർണ്ണമായവയെ ഉപമകൾ, ഉദാഹരണങ്ങൾ, പ്രാദേശിക രൂപകങ്ങൾ മുതലായവ വഴി പഠിപ്പിച്ചു. അധ്യാപകർ ഒരേ രീതിതന്നെ ഉപയോഗിച്ചാൽ വിദ്യാർത്ഥികൾക്ക് മടുപ്പ് ഉണ്ടാകാനിടയുണ്ട്. അത് ബോധനപ്രക്രിയയെ കാര്യമായി സ്വാധീനിക്കും.

### 3. അധികാരമുള്ളവനായി പഠിപ്പിച്ചു

"ഈ വചനങ്ങളെ യേശു പറഞ്ഞുതീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല. അധികാരമുള്ളവനായിട്ടത്രെ അവൻ അവരോട് ഉപദേശിച്ചത്" (മത്താ. 7:28–29). സകലവും അറിയുന്ന ദൈവമാണവൻ. അതിനാൽ സത്യം മാത്രം ശിഷ്യരോട് സംവേദിച്ചു. പഴയനിയമത്തിലെ പ്രവചനങ്ങൾ അവനിൽ പൂർത്തിയായി. പ്രബോധനത്തിന്റെ സ്രോതസ്സ് ദൈവമാണ് എന്നതാണ് യേശുവിന്റെ പഠിപ്പിക്കലിന്റെ ആധികാരികത (യോഹ. 7:16). അധ്യാപകനിൽ ആധികാരികതയുണ്ടാകണം. സംശയങ്ങൾ നിറഞ്ഞ പഠനരീതി പ്രശ്നമാകും. അതിനാൽ അധ്യാപകൻ വിഷയത്തെക്കുറിച്ച് സമഗ്രമായി അറിയുകയും അവ ആധികാരികതയോടെ പകർന്നുകൊടുക്കുകയും വേണം. ഇന്നത്തെ വിവരസാങ്കേതിക യുഗത്തിൽ അധ്യാപകർ പറയുന്നതിലെ സത്യവും മിഥ്യയും തിരിച്ചറിയാൻ വിദ്യാർത്ഥികൾക്ക് അനവധി സാധ്യതകളാണ്. നൈയാമിക അധികാരത്തെക്കാൾ പ്രബോധനാധികാരമാണ് ഗുരുവിനെ ശിഷ്യർക്കു പ്രിയപ്പെട്ടവനാക്കുന്നത്.

### 4. മാതൃകാജീവിതം

യേശുവിന്റെ പഠിപ്പിക്കലുകൾ സ്വജീവിതത്തിലൂടെ ശിഷ്യർക്ക് പകർന്നുനൽകി. സഭാസമൂഹത്തിന് രൂപം നൽകുന്നതിന്റെ പ്രാരംഭമായി ഒരു ചെറിയ സമൂഹത്തെ തെരഞ്ഞെടുത്തു. പ്രാർത്ഥിക്കുന്നതിനും ലളിതജീവിതത്തിനും യേശു ശിഷ്യർക്ക് മാതൃകയായി. പ്രബോധനങ്ങൾക്ക് ചൈതന്യം നൽകുന്നത് സ്വജീവിതത്തിലൂടെ യേശു പകർന്ന ഉദാഹരണങ്ങളാണ്. ശിഷ്യരുടെ കാൽകഴുകി വിനയവും ശുശ്രൂഷയും പഠിപ്പിച്ചു. "ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം

തന്നിരിക്കുന്നു" (യോഹ. 13:15). ഗുരുവിന്റെ ജീവിതവും ധാർമ്മികതയും ആരാധനാ ജീവിതവും ശിഷ്യരെ ആകർഷിക്കും. അവർ അത് അനുകരിക്കാൻ ശ്രമിക്കും ഉത്തമരായ ഗുരുക്കന്മാർ ശ്രേഷ്ഠമായ അറിവായി പരിണമിക്കും. തുറന്ന പാഠപുസ്തകമായി ഗുരുവിന്റെ ജീവിതം മാറണം. ഇന്ന് മാതൃകകളെ തിരയുന്ന യുവതലമുറയ്ക്ക് ക്രിസ്തുയേശുവാകുന്ന ആത്യന്തിക ജ്ഞാനത്തിലേക്ക് വഴികാണിക്കേണ്ടവരാണ് സൺഡേ സ്കൂൾ അധ്യാപകർ.

### 5. ലക്ഷ്യോന്മുഖമായ അധ്യാപനം

ദൈവരാജ്യം സ്ഥാപിക്കുവാനാണ് യേശുവന്നത്. ആ ലക്ഷ്യം നിറവേറ്റാനാണ് അദ്ദേഹം പരസ്യശുശ്രൂഷയിലൂടെ ശ്രമിച്ചത്. ദൈവരാജ്യമർമ്മങ്ങൾ പഠിപ്പിക്കുമ്പോഴും അത്ഭുതങ്ങൾക്കിടയിലും സഞ്ചാരത്തിലും ഈ ലക്ഷ്യത്തിലേക്ക് ശിഷ്യസമൂഹത്തെ നയിച്ചു. ശിഷ്യസമൂഹത്തെ രൂപാന്തരപ്പെടുത്തി. പീഡകളും സഹനങ്ങളും ഏറ്റുവാങ്ങുമ്പോഴും സുവിശേഷദൗത്യം തീക്ഷ്ണതയോടെ നിർവ്വഹിക്കാൻ അവരെ ശക്തരാക്കി. ഇതിനിടയിൽ ചില വെല്ലുവിളികൾ അവർക്കു നൽകി (യോഹ. 6:41–42; 66, 67). ശുശ്രൂഷയുടെ കാഠിന്യം അവരെ ബോധ്യപ്പെടുത്തി. നിയോഗങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിച്ചു (യോഹ. 6:31). യേശുവിനെ തള്ളിപ്പറയുന്ന പത്രോസിനെ അനുതാപവഴിയിലെത്തിക്കുന്നു (ലൂക്കൊ. 22:61–62). ഉത്ഥാനശേഷം ശിഷ്യസമൂഹത്തിനായി പ്രത്യക്ഷനായി അവരെ ശക്തീകരിച്ചു (യോഹ. 21:15–19). പഠിതാക്കളെ ആത്മീയ ജീവിതശൈലി ആർജ്ജിക്കാൻ പ്രേരകമാക്കേണ്ടതാണ്. ഓരോ സൺഡേസ്കൂളും ദൈവോന്മുഖരായി എല്ലാവരും വളരുക എന്നതാണ് ലക്ഷ്യം. ഈ ലക്ഷ്യത്തെക്കുറിച്ച് എല്ലാ അധ്യാപകർക്കും വ്യക്തമായ ധാരണയുണ്ടാകണം.

### 6. അധ്യാപനത്തോട് അതീവ താല്പര്യം

അധ്യാപനം യേശുവിന് പ്രിയങ്കരമായിരുന്നു. ഉചിതമായ എല്ലാ സന്ദർഭങ്ങളിലും അവൻ ജനത്തോട് സംവേദിച്ചു. "അവൻ ദിവസേന പകൽ ദൈവാലയത്തിൽ ഉപദേശിച്ചുപോന്നു. രാത്രി ഒലിവ് മലയിൽപോയി പാർക്കും. ജനം എല്ലാം അവന്റെ വചനം കേൾക്കേണ്ടതിന് അതികാലത്തു ദൈവാലയത്തിൽ അവന്റെ അടുക്കൽ ചെല്ലും" (ലൂക്കൊ. 21:37–38). ഈ താൽപര്യത്താൽ ജനത്തിന് മനസ്സിലാകുന്ന വിധത്തിൽ ആശയങ്ങൾ ലളിതമായി അവതരിപ്പിച്ചു. ജ്ഞാനി, റബ്ബി എന്ന വിശേഷണങ്ങളല്ല യേശുവിനെ ഇതിലേക്ക് ആകർഷിച്ചത്. കേൾവിക്കാരുടെ ചിന്തയെ ഉദ്ദീപിപ്പിച്ചു. സ്വയം ചിന്തിക്കുവാനും വിലയിരുത്തുവാനും ശ്രോതാക്കളെ പ്രേരിപ്പിച്ചു. ശിഷ്യരുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകി. ദൈവാലയം, കടൽത്തീരം, വഴിയരിക്, സുനഗോഗ്, പർവ്വതം, സമതലം, കൃഷിഭൂമി മുതലായ സ്ഥലങ്ങളിലെല്ലാം അവൻ ജനത്തോട് സംവേദിച്ചു. അധ്യാപകന് താല്പര്യം കുറഞ്ഞാൽ അത് ബോധനപ്രക്രിയയെ ബാധിക്കും. എല്ലാ ഞായറും, താൽപര്യപൂർവ്വം ആരാധനയിലും സണ്ടേസ്കൂൾ അധ്യാപനത്തിലും താൽപര്യം ഗുരുക്കന്മാർക്കുണ്ടാകണം.

> യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ
> ശ്രോതാക്കൾക്ക് അനുഗ്രഹപ്രദമായി.
> അവന്റെ വാക്കുകൾക്കൊപ്പം ജീവിതവും
> ആശയസമുദ്രമാണ് സൃഷ്ടിച്ചത്.
> ശിഷ്യർക്കുമേൽ അവൻ
> സ്വാധീനം ചെലുത്തി. ആ സ്വാധീനം
> അവരെ ക്രിസ്താനുകാരികളാക്കി.
> ആത്മാർത്ഥതയും വിശ്വസ്തതയും
> സാഹോദര്യവും ശിഷ്യർക്കിടയിൽ
> ഉറപ്പിക്കാനായി.
> യേശുവിന്റെ അധ്യാപനരീതി
> നമുക്കു മാതൃകയാണ്.

### 7. മികച്ച പാഠ്യപദ്ധതിയുടെ ഉപയോഗം

ക്രൈസ്തവ മതബോധനത്തിന്റെ പ്രധാന ജ്ഞാനസ്രോതസ്സ് വി. വേദപുസ്തകവും സഭാപാരമ്പര്യങ്ങളുമാണ്. പഴയനിയമത്തിലുള്ള ഗ്രാഹ്യമാണ് യഹൂദസമൂഹത്തോട് സുഗമമായി സംവേദിക്കാൻ യേശുവിന് സഹായകമായത്. നിക്കോദിമോസിനോടും (യോഹ. 3:17), പരീശന്മാർ, സദൂക്യർ, ഭരണാധികാരികൾ മുതലായവരോട് യേശു സംവേദിക്കുമ്പോൾ ഇത് തിരിച്ചറിയാൻ നമുക്കാകുന്നു. മൂന്നരവർഷക്കാലം ശിഷ്യരുമായി നിരന്തരം അവൻ ഇടപെട്ടു. ഗുരുവിന്റെ അസാന്നിധ്യം അവർക്കനുഭവപ്പെട്ടത് സ്വർഗ്ഗാരോഹണശേഷം മാത്രമാണ്.

ജീവിതസ്പർശിയായ വിഷയങ്ങളാണ് യേശു കൈകാര്യം ചെയ്തത്. മനുഷ്യൻ ആരാണ്, അവൻ ആരാകണം, ഇന്നത്തെ അവസ്ഥ എന്ത് മുതലായ വിഷയങ്ങളാണ് യേശു സംവേദിച്ചത്. പാഠങ്ങൾ ഗഹനമായതിനാൽ ഉപമകൾ ഉപയോഗിച്ചു (മർക്കൊ. 4:33–34). അവ ചിന്തിപ്പിക്കുന്നവയും ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്നവയുമാണ് (വിതക്കാരന്റെ ഉപ

മ, മർക്കൊ. 4:3–9). ശിഷ്യന്മാർക്കായി ഈ ഉപമകൾ വ്യാഖ്യാനിച്ചു നൽകി. "അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ അവനോടുകൂടെയുള്ളവർ പന്തിരുവരുമായി ആ ഉപകളെക്കുറിച്ചു ചോദിച്ചു" (മർക്കൊ. 4:10). വിവിധ വേദശാസ്ത്ര വിഷയങ്ങൾ അവൻ ശിഷ്യരെ പഠിപ്പിച്ചു. (പുനരുത്ഥാനം, മർക്കൊസ് 12:18–27), നിത്യജീവൻ (മർക്കൊ. 10:11–22).

ശ്രോതാക്കളുടെ സാമൂഹ്യ-രാഷ്ട്രീയ-മതപരമായ പശ്ചാത്തലം അറിഞ്ഞു(Contextual). ഒരേ മാതൃകയല്ല എല്ലായിടത്തും ഉപയോഗിച്ചത്. ശമര്യാ സ്ത്രീയോടുള്ള സംഭാഷണവും (യോഹ. 4:16–18), കനാന്യസ്ത്രീകളോടുള്ള സംഭാഷണവും (മത്താ. 15:21–26) ഉദാഹരണങ്ങളാണ്. മാറ്റത്തിന് തയ്യാറാകാത്ത ശ്രോതാക്കളോട് ചിലപ്പോൾ ശക്തമായ രീതിയിൽ സംസാരിച്ചു. പഴയനിയമപ്രമാണങ്ങൾ സംഗ്രഹിച്ചു നൽകി. ചിലതിന് പുതു വ്യാഖ്യാനം നൽകി. ചിലത് തിരസ്കരിച്ചു. കാർക്കശ്യത്തിൽനിന്നും സ്നേഹാധിഷ്ഠിത നിയമപാലനത്തിന് രൂപം നൽകി. ദൈവരാജ്യാനുഭവത്തെ പന്തിഭോജനത്തിലൂടെയും സ്വയംപരിത്യാഗത്തിലൂടെയും ആത്മബലിയിലൂടെയും പഠിപ്പിച്ചു. നിലവിലുള്ള പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സർഗ്ഗാത്മകമായി മതബോധനം നടത്താൻ സൺഡേസ്കൂൾ അധ്യാപകർക്കാകണം. അത് മാനസാന്തരപ്പെട്ട്, ക്രിസ്തുസഭയുടെ ഭാഗമായിത്തീർന്ന വിശ്വാസ പരിശീലനമാണ് എന്ന തിരിച്ചറിവിലാകണം. സമൂഹത്തിലെ മാറ്റങ്ങളും സംഭവവികാസങ്ങളും വിശകലനം ചെയ്യണം. തിരുവചനപഠനത്തിൽ നിരന്തരശ്രദ്ധയുണ്ടാകണം. ആരാധനജീവിതവും ഉന്നതധാർമ്മിക നിലയും പുലർത്തണം. കാർക്കശ്യമോ, അടിച്ചമർത്തലോ അല്ല, സ്നേഹാധിഷ്ഠിതമാകണം അധ്യാപനം.

**ഉപസംഹാരം**

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ ശ്രോതാക്കൾക്ക് അനുഗ്രഹപ്രദമായി. അവന്റെ വാക്കുകൾക്കൊപ്പം ജീവിതവും ആശയസമുദ്രമാണ് സൃഷ്ടിച്ചത്. ശിഷ്യർക്കുമേൽ അവൻ സ്വാധീനം ചെലുത്തി. ആ സ്വാധീനം അവരെ ക്രിസ്താനുകാരികളാക്കി. ആത്മാർത്ഥതയും വിശ്വസ്തതയും സാഹോദര്യവും ശിഷ്യർക്കിടയിൽ ഉറപ്പിക്കാനായി. യേശുവിന്റെ അധ്യാപനരീതി നമുക്കു മാതൃകയാണ്. അതിനോട് തുലനം ചെയ്യാനാകുന്ന മറ്റ് മാതൃകകൾ നമുക്കില്ല. വൈവിധ്യങ്ങളുടെ ഈ കാലത്ത്, സൺഡേസ്കൂൾ അധ്യാപനം അനുനിമിഷം നവീകരിക്കപ്പെടണം. അതിന് അധ്യാപകൻ ഉത്തമ ക്രിസ്തുസാക്ഷിയും അനുഗാമിയുമാകണം. സഭാപിതാക്കന്മാരുടെ ജീവതവും ദർശനവും നമുക്കു സഹായകരമാണ്.

"നിങ്ങളുടെ മക്കളെ, അവർ ദൈവത്തിന്റെ മക്കളായിത്തീരുവാൻ തക്കവണ്ണം അവരെ സത്യവിശ്വാസത്തിലും സത്യനടപടികളിലും ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ" വി. പരുമല തിരുമേനി. •

# രൂപാന്തരം




**റെഞ്ചി ജോർജ് മാന്താനം**
(സെന്റ് മേരീസ് ചർച്ച്)

മാനസവാതിൽ തുറന്നിട്ടു
ഞാനെന്റെ പ്രിയനാഥനെ സ്വീകരിച്ചീടും
മാറാലയെല്ലാമടിച്ചു നീക്കി
ദിവ്യപ്രകാശമവൻ ചൊരിഞ്ഞീടും

വാനോളമുയർന്നു നിൽക്കുന്ന
പാപത്തിൻ, മലയൊരു
ക്ഷണത്തിലവനിടിച്ചുനിരത്തീടും
അനുതാപക്കണ്ണുനീരൊഴുക്കി
ആത്മശുദ്ധി വരുത്തീടും ഞാൻ

നിൻ രക്ഷാവലയമെന്നെ ചുറ്റിടുമ്പോൾ
അധീരനാകില്ലൊരിക്കലും ഞാൻ
നീയെന്റെ സങ്കേതസ്ഥാനമല്ലോ
ഞാൻ നിന്റെ വത്സല പുത്രനല്ലോ

# കുട്ടികളെ സൺഡേസ്കൂളിൽ വിടാൻ മാതാപിതാക്കൾ മടികാണിക്കരുതേ...



പി.എം. മാത്യു

അധർമ്മങ്ങൾക്കും അന്യായങ്ങൾക്കും ഓശാന പാടുന്ന ഇന്നത്തെ തിരക്കിട്ട മനുഷ്യജീവിതത്തിൽ മക്കൾ വഴിതെറ്റിപ്പോകുന്നതിന്റെ പ്രധാനപങ്കുവഹിക്കുന്നത് മാതാപിതാക്കളാണ്. ദൈവസാന്നിധ്യം നിറഞ്ഞ സ്നേഹത്തിന്റെയും സഹനത്തിന്റെയും വഴിയിലേയ്ക്ക് മക്കളെ കൈപിടിച്ചു കൊണ്ടുപോകാൻ മാതാപിതാക്കൾ വൈമുഖ്യം കാണിക്കുന്നതാണ് ഒടുവിൽ അവർ അനുഭവിക്കുന്ന ദുഃഖത്തിന്റെയും ഒറ്റപ്പെടലിന്റെയും ഉറവിടം.

കുട്ടികളെ അവരുടെ കൗമാരപ്രായത്തിൽത്തന്നെ വേണ്ട ശിക്ഷണവും, നേതൃത്വവും കൊടുത്ത് സത്സ്വഭാവത്തിലേക്ക് തിരിച്ചുവിടാൻ മാതാപിതാക്കൾ ബാദ്ധ്യസ്ഥരാണ്. അവരെ ശാസിക്കേണ്ടിടത്തു ശാസിക്കുകയും ശിക്ഷിക്കേണ്ടിടത്തു ശിക്ഷിക്കുകയും ചെയ്യണം. ആത്മീയമൂല്യങ്ങളിൽ അടിസ്ഥാനമുള്ള ഒരു തലമുറയെ പാകപ്പെടുത്തി എടുത്തെങ്കിൽ മാത്രമേ, സഭയ്ക്കും സമൂഹത്തിനും കൊള്ളാവുന്നവരായി നല്ല നിലത്തുവീണ വിത്തുകളെപ്പോലെ ഫലഭൂയിഷ്ഠമായി കുട്ടികൾ വളർന്നുവരുകയുള്ളൂ. നമ്മുടെ സഭയിലെ കുട്ടികൾ ആത്മീയ അടിത്തറയുള്ളവരായി വളർന്നുവരാൻ, ഞായറാഴ്ച ദിവസങ്ങളിൽ അവരെ സൺഡേസ്കൂളിൽ പറഞ്ഞുവിടണം. സൺഡേസ്കൂൾ ഒരു പഴഞ്ചൻ പ്ലാറ്റ്ഫോം ആയി മാതാപിതാക്കൾ കാണുന്നതിൽ സങ്കടമുണ്ട്. അത് അവർക്ക് ദോഷം ചെയ്യും.

പരിശുദ്ധ കാതോലിക്കാ ബാവാ പൗരസ്ത്യ സൺഡേസ്കൂൾ അസ്സോസിയേഷന്റെ 45-ാം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇപ്രകാരം കുട്ടികളെ ഉപദേശിക്കുകയുണ്ടായി. സഭയിലെ എല്ലാ കുട്ടികളും സൺഡേസ്കൂളിൽ പോകുന്നത് നിർബന്ധമാക്കണം. ബാവാതിരുമേനിയുടെ കുട്ടികളോടുള്ള ഈ വിലപ്പെട്ട ആഹ്വാനം വളരെ അർത്ഥവത്തും അനുകരണീയവുമാണ്. കാരണം സഭയ്ക്കും സമൂഹത്തിനും നന്മചെയ്യുന്ന പ്രതിഭകളെ സൃഷ്ടിക്കാൻ സൺഡേസ്കൂൾ പഠനം നിമിത്തമാകും. കഴിഞ്ഞ തലമുറയിലെ കുട്ടികളെ നിർബന്ധമായും മാതാപിതാക്കൾ സൺഡേസ്കൂൾ പഠനത്തിന് വിടുമായിരുന്നു. അങ്ങനെ ആത്മീയ അടിത്തറയിൽ നിഷ്കർഷതയോടെ വളർന്നുവന്ന കുട്ടികൾ ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചിരുന്നു. എന്നാൽ ക്രൈസ്തവസഭയിലെ കുട്ടികൾ ഇപ്പോൾ ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരാനുള്ള യോഗ്യത കുറഞ്ഞുവരികയാണ്. എവിടെയോ അവരുടെ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ചോർന്നുപോയിരിക്കുന്നു.

പണ്ട് കുട്ടികൾ കഷ്ടപ്പാടിലും ദൈവഭയത്തിലുമാണ് വളർന്നുവന്നത്. ഇന്ന് അതുമാറി എല്ലാവരും സമ്പന്നരായി. കുട്ടികൾ ഇന്ന് കഷ്ടപ്പാട് അറിയുന്നില്ല. ഇത് അവരുടെ നല്ലഭാവിയുടെ മുന്നോട്ടുള്ള പോക്കിനു തടസ്സമാകുന്നു. സമ്പന്നതയിൽ നമ്മുടെ കുട്ടികൾ ദൈവഭയമില്ലാതെ ആത്മീയചിന്തകളിൽനിന്നും വിശ്വാസത്തിൽനിന്നും അകന്നുപോകുന്നതുകൊണ്ടാണ് മാതാപിതാക്കളോടു അവർക്കുള്ള കരുതലും സ്നേഹവും നഷ്ടപ്പെട്ടു പോകുന്നത്. മക്കളുടെ സുഖസൗകര്യത്തിനുവേണ്ടി വാർദ്ധക്യത്തിൽ എത്തിയ മാതാപിതാക്കളെ അനാഥാലയത്തിൽ കൊണ്ടു പാർപ്പിക്കുകയോ തെരുവീഥികളിൽ കൊണ്ടുകളയുകയോ ചെയ്യുന്നു. ഈ ദുഃഖങ്ങളിൽനിന്നും വിടുതൽ പ്രാപിക്കാൻ പരി. ബാവാ തിരുമേനിയുടെ ഉപദേശം സ്വീകരിച്ചു സഭയിലെ എല്ലാകുട്ടികളെയും നിർബന്ധമായി സൺഡേസ്കൂൾ പഠിക്കാൻ വിടണം.

ഒരു കാരണവശാലും നമ്മുടെ കുട്ടികളെ മാതാപിതാക്കൾ സാത്താന്റെ കരങ്ങളിലേക്കു എറിഞ്ഞു കൊടുക്കരുതേ. അതിന്റെ തിരിച്ചടി വളരെ വലുതായിരിക്കും.

---

*ലേഖകൻ കറ്റാനം സെന്റ് സ്റ്റീഫൻസ് സൺഡേസ്കൂൾ അദ്ധ്യാപകനാണ്.*

Our Alumni

# സൺഡേസ്കൂൾ പ്രസ്ഥാനം – എന്റെ ജീവിതത്തിൽ



**റൂബി ജോർജ്**

‘യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു’ (സദൃ. 1:7) എന്ന വേദവാക്യം ഉൾക്കൊണ്ടുകൊണ്ട് വളരുവാനും ജീവിതം നയിക്കുവാനും എന്നെ പ്രാപ്തയാക്കിയതു എന്റെ സൺഡേസ്കൂൾ വിദ്യാഭ്യാസമാണ്. ഇപ്പോൾ എന്റെ ബാല്യകാലം എന്റെ സ്മൃതിപഥത്തിലേക്ക് കടന്നുവരുന്നു.

കോട്ടയം ജില്ലയിലെ പുരാതന ക്രൈസ്തവ കുടുംബമായ പട്ടശ്ശേരിൽ വാഴച്ചിറവീട്ടിൽ ആയിരുന്നു എന്റെ ജനനം. എന്റെ മാതാപിതാക്കൾ പരേതരായ വി.കെ. കുര്യാക്കോസും ഏലിയാമ്മയുമാണ്. അധ്യാപകരായിരുന്ന എന്റെ മാതാപിതാക്കൾ ഒരു കുട്ടിയുടെ വ്യക്തിത്വവികസനത്തിന് കേവലം വിജ്ഞാനസമ്പാദനം മാത്രം പോരാ, ആത്മീയപോഷണവും വേണം എന്ന ചിന്താഗതിക്കാരായിരുന്നു. തദനുസൃതമായി സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യം അവർ നൽകി. സൺഡേസ്കൂൾ പ്രസ്ഥാനം വളർന്നു പന്തലിക്കുവാൻ അവർ ആഗ്രഹിച്ചിരുന്നു. ദേവാലയട്രസ്റ്റിയും സൺഡേസ്കൂൾ ഇൻസ്പെക്ടറും ആയിരുന്ന പിതാവും പ്രാർത്ഥനാനിർഭരമായ ജീവിതം നയിച്ച മാതാവും ഉത്തമ ക്രൈസ്തവജീവിതത്തിന് സാക്ഷ്യം വഹിക്കുവാൻ മക്കളായ ഞങ്ങൾക്ക് വഴിയൊരുക്കി. എല്ലാ ഞായറാഴ്ചയും പള്ളിയിലും സൺഡേസ്കൂളിലും മുടങ്ങാതെ പോകണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. എന്റെ ആത്മീയനിഷ്ഠയുണ്ടായിരുന്ന മാതാപിതാക്കൾക്ക് പൂർണ്ണമായി നന്ദി സമർപ്പിച്ചുകൊള്ളുന്നു.

എന്റെ സൺഡേസ്കൂൾ ജീവിതത്തിന്റെ താളുകൾ മറിച്ചുകൊള്ളട്ടെ. എന്റെ മാതൃ ഇടവകയായ കുഴിമറ്റം സെന്റ് ജോർജ്ജ് പള്ളിക്ക് രണ്ടു സൺഡേസ്കൂളുകളാണുള്ളത്. ഒന്ന് സെന്റ് ജോർജ് സൺഡേസ്കൂളും മറ്റൊന്ന് മങ്ങാട്ടയം സെന്റ് തോമസ് സൺഡേസ്കൂളും. മങ്ങാട്ടയം സെന്റ് തോമസ് സൺഡേസ്കൂളിൽ പഠിക്കുവാനും പഠിപ്പിക്കുവാനും ദൈവം എന്നെ അനുഗ്രഹിച്ചു. കൂടാതെ 1976ൽ അഖിലമലങ്കര SSFC പരീക്ഷയിൽ ഒന്നാംറാങ്ക് നേടി സൺഡേസ്കൂളിന്റെ യശസ്സ് ഉയർത്തുവാൻ ദൈവം എനിക്ക് അവസരം തന്നു. വേദവാക്യമത്സരങ്ങളിലും മത്സരപരീക്ഷകളിലും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. അന്നത്തെ ഹെഡ്മാസ്റ്റർ പാപ്പച്ചിസാർ ആയിരുന്നു. ബാവസാർ, റാഫിസാർ, ഉണ്ണിസാർ, സോജിസാർ തുടങ്ങിയവർ ചൊരിഞ്ഞ സ്നേഹവായ്പുകളും അഭിനന്ദനങ്ങളും ഞാൻ ഓർമ്മിക്കുന്നു.

എല്ലാവർഷവും ഞങ്ങളുടെ സൺഡേസ്കൂളിൽനിന്നും വിനോദയാത്ര പോകാറുണ്ടായിരുന്നു. ഇപ്രകാരമുള്ള യാത്രകളിലൂടെ കൂട്ടായ്മയുടെയും പങ്കിടലിന്റെയും അനുഭവം വളർത്തിയെടുക്കുവാനും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും ഊഷ്മളമായ ബന്ധം വാർത്തെടുക്കുവാനും സാധിച്ചു.

സൺഡേസ്കൂൾ പ്രസ്ഥാനം എന്റെയും എന്റെ കുടുംബത്തിന്റെയും വളർച്ചയിലും പുരോഗതിയിലും നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്, വഹിച്ചുകൊണ്ടുമിരിക്കുന്നു. സഭാചരിത്രകാരനും ഗദ്യകവിതാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ പൗവ്വത്തിക്കുന്നിൽ ‘ചിത്രമെഴുത്ത്’ കെ.എം. വർഗീസിന്റെ പൗത്രനായ അഡ്വ. കെ. എം. ജോർജ്ജാണ് എന്റെ ഭർത്താവ്. അദ്ദേഹവും എന്റെ പിതാവിനെപ്പോലെ ഞങ്ങളുടെ കുട്ടികളുടെ ആത്മീയവളർച്ചയിൽ താല്പര്യമെടുത്തിരുന്നു. ഇപ്പോൾ ഞങ്ങൾ കോഴിക്കോട് ബിലാത്തിക്കുളം സെന്റ് ജോർജ് ഓർത്തഡോക്സ്

*ശ്രീമതി റൂബി ജോർജ് കോഴിക്കോട് എലത്തൂർ സി.എം.സി. ബോയ്സ് ഹൈസ്കൂൾ അദ്ധ്യാപികയാണ്. 1976ലെ SSFC പരീക്ഷയിൽ ഒന്നാം റാങ്ക്. മകൾ ചിത്ര പി. ജോർജ് 2008ലെ സൺഡേസ്കൂൾ പ്രതിഭ*

കത്തീഡ്രൽ ഇടവകാംഗങ്ങളാണ്. ഞാൻ കോഴിക്കോട് എലത്തൂർ സി.എം.സി. ബോയ്സ് ഹൈസ്ക്കൂളിൽ പഠിപ്പിക്കുന്നു. വി. വേദപുസ്തകത്തിലെ ഉൽപത്തി പുസ്തകത്തിന് വിപരീതമായ പരിണാമ സിദ്ധാന്തം പഠിപ്പിക്കുമ്പോൾ പോലും ശാസ്ത്രവും വേദശാസ്ത്രവും ഒരുപോലെ ശാസ്ത്രങ്ങളാണെന്ന് കുട്ടികളെ ഓർമ്മിപ്പിക്കാൻ മറക്കാറില്ല. ഞങ്ങളുടെ മക്കളായ മാത്യൂസ് പി. ജോർജ്ജും, ചിത്ര പി. ജോർജ്ജും സൺഡേസ്കൂൾ വിദ്യാഭ്യാസത്തിലൂടെ ദിവ്യബോധനം നേടിയാണ് വളർന്നത്. ചിത്ര പി. ജോർജ് 2008ൽ അഖില മലങ്കര സൺഡേസ്കൂൾ പ്രതിഭാപട്ടം കരസ്ഥമാക്കി. സൺഡേസ്കൂൾ സഹപാഠ്യമത്സരങ്ങളിൽ വിധികർത്താവായി പോകാറുണ്ട്. ഇത്തരുണത്തിൽ എനിക്കും മകൾക്കും ഒരുമിച്ചു കൈവന്ന സൗഭാഗ്യം ഞാൻ ഓർക്കുന്നു. ചെങ്ങന്നൂർ പുത്തൻകാവ് പള്ളിയിൽവെച്ച് നടന്ന സൺഡേസ്കൂൾ ഗോൾഡൻ ജൂബിലി പ്രതിഭാസംഗമത്തിൽ ഒരു കുടുംബത്തിൽനിന്ന് അമ്മയും മകളും സഭാപ്രതിഭകളായതിൽ ഞങ്ങളെ ആദരിക്കുകയുണ്ടായി. എന്റെ ജീവിതത്തിലെ ഏറ്റവും അഭിമാന നിമിഷങ്ങളായിരുന്നു അത്.

ക്രൈസ്തവാദർശങ്ങളും ദർശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് ജീവിതം നയിക്കുവാൻ എന്നെയും എന്റെ കുടുംബത്തെയും സൺഡേസ്കൂൾ പ്രസ്ഥാനം അത്യധികം സഹായിച്ചു. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യങ്ങൾ 9:10ൽ ഓർമ്മിപ്പിക്കുന്നതുപോലെ പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവും ആകുന്നു എന്ന ദിവ്യബോധനം ഉൾക്കൊണ്ടുകൊണ്ട് പരിശുദ്ധ പരുമലതിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് പദയാത്ര നടത്താറുണ്ട്. ഇങ്ങനെ ക്രൈസ്തവസാക്ഷ്യത്തോടുകൂടി ജീവിതം നയിക്കുവാൻ സൺഡേസ്കൂൾ വിദ്യാഭ്യാസം എന്നിൽ ചെലുത്തിയ സ്വാധീനം അവർണ്ണനീയമാണ്, അവാച്യമാണ്.

ദൈവത്തിന്റെ വരദാനമായ മക്കളെ ദേവാലയത്തിലെ ആരാധനയിൽ പങ്കെടുപ്പിക്കുവാനും നോമ്പും ഉപവാസവും സഭ അനുശാസിക്കുന്ന മറ്റു ചിട്ടകളും മക്കളെ പഠിപ്പിക്കുവാനും അവർക്ക് മാർഗ്ഗദർശികളായി ജീവിക്കുവാനും നമുക്ക് സാധിക്കണം. സൺഡേസ്കൂൾ സഹപാഠ്യമത്സരങ്ങളിൽ നമ്മുടെ മക്കളെ പങ്കെടുപ്പിക്കണം. അപ്പോൾ സഭാകമ്പമില്ലാതെ സഭയെ അഭിമുഖീകരിക്കാനുള്ള പാടവവും, ജയവും തോൽവിയും ഒരുപോലെ അംഗീകരിക്കാനുള്ള മനസ്സും ഉണ്ടാകും. മറ്റു പള്ളികളിൽനിന്നുള്ള സഹപാഠികളുമായുള്ള സുഹൃത്ബന്ധത്തിനുള്ള അവസരവും വേദകാര്യങ്ങളിലുള്ള പാണ്ഡിത്യത്തിനുള്ള വേദിയും ലഭിക്കുന്നു.

സൺഡേസ്കൂൾ പ്രസ്ഥാനം ക്രൈസ്തവസാക്ഷ്യത്തിലൂടെ ഇനിയും ശാക്തീകരിക്കേണ്ടിയിരിക്കുന്നു. ആത്മീയത വെടിഞ്ഞ് കേവലം ലൗകിക പുരോഗതിയെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആകൃഷ്ടരായി ക്രിസ്തുമതവിശ്വാസികൾ തങ്ങളുടെ കുട്ടികളെ സൺഡേസ്കൂളിൽ ചേർക്കാൻ മടിക്കുന്നു. കേവലം പഠനം പത്താംക്ലാസ്സ് വരെ ഒതുങ്ങി നിൽക്കുന്ന സ്ഥിതിവിശേഷവും കാണുന്നു. ഈ പോരായ്മകൾ പരിഹരിച്ചുകൊണ്ട് സൺഡേസ്കൂൾ പ്രസ്ഥാനം ഇനിയും അഭംഗുരമായി മുന്നേറേണ്ടിയിരിക്കുന്നു. ഇതിന് ക്രൈസ്തവ കൂട്ടായ്മയിലൂടെയും ആത്മപോഷണസംവാദത്തിലൂടെയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പൗലോസ് അപ്പോസ്തലൻ എഫേസ്യർക്ക് എഴുതിയ ലേഖനം 6:4ൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ 'പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ' എന്നത് നാം മറക്കരുത്.

നമ്മുടെ മക്കൾ നന്മയുടെ മുകുളങ്ങളായി ജീവിച്ചാൽ അതിന്റെ ജയം നമുക്ക് തന്നെ. അതുകൊണ്ട് തിരക്കേറിയ നമ്മുടെ ജീവിതത്തിൽ ആവർത്തനപുസ്തകം 6:7ൽ പറയുന്നതുപോലെ 'നീ അവയെ (ദൈവവചനങ്ങൾ) നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം' അങ്ങനെ ദൈവത്തിന്റെ കുഞ്ഞാടുകളായി, ദൈവികപാതയിലൂടെ സമൂഹത്തിന് മാതൃകകളായി ജീവിക്കുന്ന, ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും സ്നേഹിക്കുന്ന ഒരു ഉത്തമ തലമുറയെ വാർത്തെടുക്കാൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ.

ഒരു അദ്ധ്യാപികയായ ഞാനും എന്റെ മാതാപിതാക്കളുടെ പാത പിന്തുടർന്നുകൊണ്ട് എന്റെ മക്കളെയും സൺഡേസ്കൂൾ പ്രസ്ഥാനത്തിലൂടെ വളർത്തിയെടുത്തു. ആത്മീയപരിപോഷണവും സിദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങനെ ഞങ്ങളുടെ ജീവിതയാത്ര അഭംഗുരം തുടരുന്നു. •

# Question Bank

## Class XII

### Unit - 6

1. പരിസ്ഥിതി എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? (120)
2. പ്രധാനപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ ഏതെല്ലാം? (120)
3. പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള ക്രിസ്തീയ സമീപനം എന്തായിരിക്കണം? (121)
4. പരിസ്ഥിതി ആദ്ധ്യാത്മികത എന്നാൽ എന്ത്? (121)
5. പരിസ്ഥിതി ആദ്ധ്യാത്മികതയുടെ വേദപുസ്തകാടിസ്ഥാനം എന്ത്? (123)
6. ആദാം എന്ന വാക്കിന്റെ അർത്ഥം? (124)
7. 'വാഴുക' എന്ന വാക്ക് വിശദമാക്കുക (124)
8. പ്രപഞ്ചത്തോടുള്ള കരുതലിനെക്കുറിച്ച് സഭാപിതാക്കന്മാർ എന്തു പഠിപ്പിച്ചു (125)
9. രക്ഷയെക്കുറിച്ച് പാശ്ചാത്യപഠിപ്പിക്കലും പൗരസ്ത്യപിതാക്കന്മാരുടെ പഠിപ്പിക്കലും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു (123)
10. മനുഷ്യന്റെ പ്രധാന ഉത്തരവാദിത്തം എന്ത്? (127)
11. പൗരസ്ത്യ ആരാധനയിലെ പരിസ്ഥിതിക്കുള്ള പ്രാധാന്യം വിശദമാക്കുക (131)
12. പരിസ്ഥിതിപ്രശ്നത്തിൽ ദൈവാത്മപ്രേരിതമായി മനുഷ്യന് എങ്ങനെ ഇടപെടുവാൻ സാധിക്കും (130)
13. സുസ്ഥിരവികസനം എന്നാൽ എന്ത്? (133, 134)
14. സുസ്ഥിരവികസനം എന്ന ആശയത്തിലേക്കുള്ള ആദ്യസംരംഭം ഏത്? (134)
15. സുസ്ഥിരവികസനത്തിന് സഹായമാകുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക (136)
16. ആഗോളവത്ക്കരണം സുസ്ഥിരവികസനത്തെ എങ്ങനെ ബാധിക്കുന്നു (137)
17. 'നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു' ആര് ആരോട് പറഞ്ഞു? (138)

### Unit - 7

1. ആഗോളവത്ക്കരണത്തിന്റെ ചുക്കാൻ പിടിക്കുന്നത് ആര്? (141)
2. ആഗോളവത്ക്കരണത്തിന്റെ ഫലങ്ങൾ എന്തെല്ലാം? (142)
3. ആഗോളവത്ക്കരണത്തിന്റെ ദോഷവശങ്ങൾ എന്തെല്ലാം? (143)
4. "അവന്റെ കെട്ടുകൾ അഴിപ്പിൻ അവൻ പോകട്ടെ" ആര് ആരോടുപറഞ്ഞു? (144)
5. വിവരസാങ്കേതികവിദ്യ എന്നാൽ എന്ത്? (146)
6. വിവരസാങ്കേതികവിദ്യയുടെ നേട്ടങ്ങൾ എന്തെല്ലാം? (147)
7. വിവരസാങ്കേതികവിദ്യയുടെ ദൂഷ്യവശങ്ങൾ എന്തെല്ലാം? (148)
8. ശാസ്ത്രസാങ്കേതിക വിദ്യയുടെ നേട്ടങ്ങളും കോട്ടങ്ങളും ഉപന്യസിക്കുക (155)
9. മദ്യവും മയക്കുമരുന്നും ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു? (158)
10. മദ്യപാന മയക്കുമരുന്നു ശീലത്തെ എങ്ങനെ നേരിടാം? (159)
11. മദ്യപാനത്തിന്റെ ദോഷവശം കാണിക്കുന്ന രണ്ടുവേദഭാഗം എഴുതുക (160)
12. മദ്യപാനത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
13. 'ഒരു പിശാചിന്റെ ക്രൗര്യത്തോടെ അവ നിങ്ങളെ അടിമയാക്കും' എന്ന് മദ്യപാനത്തെക്കുറിച്ച് പറഞ്ഞതാർ? (159)

# സൺഡേസ്കൂൾ വാർത്തകൾ

- 'The Sunday School' തപാലിൽ അയച്ചുതരുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ വരിസംഖ്യ പുതുക്കിയിട്ടുള്ളവരുടെ പോസ്റ്റൽ അഡ്രസ്സ് ഇൻസ്പെക്ടർമാർ, ഡയറക്ടർ മുഖാന്തരം കേന്ദ്ര ഓഫീസിൽ ലഭ്യമാക്കണം.

  **പേര്**
  **പൂർണ്ണമായ മേൽവിലാസം (പിൻകോഡ് സഹിതം)**
  **ഫോൺ നമ്പർ**
  **ഇടവക**

  കുടിശ്ശികയുള്ളവർ 2018 ജനുവരി 30ന് മുമ്പായി ഇൻസ്പെക്ടർ മുഖേന കേന്ദ്രത്തിൽ പണം അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. വരിസംഖ്യ പുതുക്കിയിട്ടുള്ളവർക്കു മാത്രമേ അടുത്ത ലക്കം മുതൽ പ്രസിദ്ധീകരണം ലഭിക്കുകയുള്ളു.

- സഹപാഠ്യമത്സരങ്ങളിൽ സോണൽതല വിജയികളായവരുടെ എല്ലാവരുടെയും ഫോട്ടോ അടുത്തലക്കം 'ദി സൺഡേസ്കൂളി'ൽ പ്രസിദ്ധീകരിക്കുന്നതാണ്. ഫെബ്രുവരി 15ന് മുമ്പായി ലഭിക്കുന്ന ഫോട്ടോകൾ മാത്രമേ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഫോട്ടോകൾ ഇൻസ്പെക്ടർമാർ/ഭദ്രാസന ഡയറക്ടർമാർ മുഖേന കേന്ദ്ര ഓഫീസിൽ എത്തിക്കണം.

**തിരുത്ത്:** കഴിഞ്ഞ ലക്കം 13-ാം പേജിൽ അപൂർണ്ണമായിരുന്ന വാചകം ഇങ്ങനെ വായിക്കുക: "2 പത്രോ. 2:10, യൂദ 8 എന്നീ ഭാഗങ്ങളിൽ മലയാള പരിഭാഷയിൽ കാണുന്ന ദൂതന്മാർ, മഹിമകൾ എന്നീ വാക്കുകൾക്ക് ഗ്രീക്ക് മൂലത്തിൽ കൊടുത്തിരിക്കുന്നത് തേജസ്സുകൾ എന്നർത്ഥം വരുന്ന doxai എന്ന പദമാണ്."

## OVBS 2018

### ചിന്താവിഷയം: *ദൈവം നമ്മെ മനയുന്നു*

**God Moulds us** (യശയ്യാവ് 64:8)

കുട്ടികളുടെ പങ്കാളിത്തം കൂടുതലായി ലഭിക്കുവാൻ 2018ലെ OVBSന്റെ പോസ്റ്റർ കുട്ടികളെക്കൊണ്ട് ഡിസൈൻ ചെയ്യിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഡിസംബർ 29ന് കോട്ടയം പഴയ സെമിനാരിയിൽ (ശ്രുതി) വെച്ച് നടത്തുന്ന പോസ്റ്റർ ഡിസൈൻ മത്സരത്തിൽ പങ്കെടുക്കുന്നതിനായി ഭദ്രാസനതലത്തിൽ തെരഞ്ഞെടുപ്പു നടത്തി ഒരാളെ അയയ്ക്കണം. 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം. പങ്കെടുക്കുന്ന കുട്ടികൾ ഭദ്രാസന ഡയറക്ടറുടെ കത്തുമായി വരണം. OVBS സർക്കുലർ 2/2017ൽ നിർദ്ദേശിച്ചതുപോലെ 2017ന്റെ ഒരു follow up programme നടത്തുവാൻ പ്രധാനാദ്ധ്യാപകർ മുൻകൈ എടുക്കണം.

കേന്ദ്ര ഗാനപരിശീലനക്ലാസ്സ് 2018 ജനുവരി രണ്ടാം ശനിയാഴ്ചയാണ് നടത്തപ്പെടുന്നത്.

**ഫാ. മാത്യു കോശി**
(ഡയറക്ടർ) 9746055211

**ഡോ. ഐപ്പ് വർഗീസ്**
(ജന. സെക്രട്ടറി) 9446448215

# കത്തുകൾ

തൃശ്ശൂർ
04.09.2017

പ്രിയപ്പെട്ട അച്ചൻ,

ഈ കത്തിന് ആധാരം 2017 ജൂലൈ – സെപ്റ്റംബർ, സൺഡേസ്കൂൾ Tri-monthlyയുടെ back cover പേജിലെ സ്കെച്ച് ആണ്. പ. മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമായ എട്ടു പള്ളികളുടെ സ്ഥലനാമങ്ങൾ നൽകിയിരിക്കുന്നു. ദാവീദ് അച്ചന്റെ പുസ്തകങ്ങളിൽ നിന്നും ഞങ്ങൾ പഠിച്ചിട്ടുള്ളത് മാല്യങ്കര, പാലൂർ, പറവൂർ, ഗോക്കമംഗലം, നിരണം, ചായൽ, കുരക്കേണി കൊല്ലം, തിരുവിതാംകോട് (അരപ്പള്ളി). കാലം പുരോഗമിച്ചതുകൊണ്ട് സ്ഥലനാമങ്ങൾ മാറ്റംവന്നു എന്നല്ലാതെ തെറ്റാൻ പാടില്ലല്ലോ. അതും നമ്മുടെ സഭയുടെ ഒരു ദേവാലയത്തെ സംബന്ധിച്ചാകുമ്പോൾ.

നമ്മുടെ സൺഡേസ്കൂൾ പാഠപുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും തെക്കൻ ഭാഗത്തുള്ള സഭാചരിത്രകാരന്മാരും പാലൂർ എന്നതിന് പകരം പാലയൂർ എന്നാണ് എഴുതുന്നത്. പാലൂർ എന്നത് ചാട്ടുകുളത്തിന് സമീപമുള്ള സ്ഥലമാണ്. കാലക്രമേണ അതു ചാട്ടുകുളങ്ങരയും, പിന്നെ ആർത്താടും ആയി. നമ്മുടെ കൈവശമുള്ള ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രൽ ആണ് ഈ പ്രദേശത്തുള്ള ദേവാലയങ്ങളുടെ തലപ്പള്ളി. തമ്പുരാനെ പെറ്റ അമ്മയുടെ പള്ളി എന്ന പേരിന് മുൻഗണന (പ്രാമുഖ്യം) വന്നതുകൊണ്ടാകാം ഇവിടത്തുകാർ മാർത്തോമ്മാ പാരമ്പര്യത്തിന് പ്രാധാന്യം നൽകാത്തത്.

പാലൂർ പള്ളിയുടെ ആദ്യകാല കുരിശുപള്ളികൾ ആയിരുന്ന പാലയൂരും പഴഞ്ഞിയും പഴയകൂറ്റ്-പുത്തൻ കൂറ്റ് വിഭജനത്തെ തുടർന്ന് പാലയൂർ കുരിശുപള്ളി പഴയകൂറ്റുകാർക്ക് (കത്തോലിക്കർക്ക്) ലഭിച്ചു. തലപ്പള്ളിയായ ആർത്താറ്റ് പള്ളി ശക്തൻ തമ്പുരാന്റെ കാലത്ത് നമുക്കും (പുത്തൻകൂറ്റ്) ലഭിച്ചു. പാലൂർ എന്ന പേരുമായുള്ള സാമ്യം മുതലെടുത്ത് 19-ാം നൂറ്റാണ്ടോടുകൂടി, കത്തോലിക്കാസഭയും ചരിത്രകാരന്മാരും പാലയൂർ പള്ളി മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളിയായി ഉയർത്തി. അതുവരെയും അവരുടെ ഒരു ചരിത്രകാരനും ഉയർത്താത്ത ഒരു പാരമ്പര്യം ആണ് പാലയൂർ പള്ളിയുടെ മാർത്തോമ്മാ പൈതൃകം.

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച എല്ലാ ദേവാലയങ്ങളും പരി. മാതാവിന്റെ നാമത്തിൽ ഉള്ളവയാണ്. മലങ്കരയുടെ തലപ്പള്ളിയായ ആർത്താടും പ. അമ്മയുടെ നാമത്തിലാണ്. പാലയൂരുള്ള ദേവാലയം മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. കുര്യാക്കോസ് സഹദായുടെ പേരിൽ സ്ഥാപിതമായതാണ്. ഒന്നാം നൂറ്റാണ്ടിൽ ഭാരതത്തിൽ വന്ന തോമാ ശ്ലീഹായ്ക്ക് മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുര്യാക്കോസ് സഹദായുടെ പേരിൽ ദേവാലയം സ്ഥാപിക്കാൻ കഴിയുമോ? പാലയൂർ പള്ളിയിൽ ഇപ്പോഴും ആ പേരിൽ ഫലകം കാണാം.

ഇപ്പോഴും പാഠപുസ്തകങ്ങളിൽ ഏഴരപ്പള്ളി എന്ന പ്രയോഗം കാണാം. അതു തിരുത്തി എട്ടുപള്ളികൾ എന്നാക്കണം. തിരുവിതാംകോട് അരചന്റെ പള്ളിയാണല്ലോ ലോപിച്ച് അരപ്പള്ളി ആയത്. അത് മനസ്സിലാക്കാതെ പലരും ഹാഫ് ചർച്ച് ആയി തിരുവിതാംകോട് ദേവാലയത്തെ വിശേഷിപ്പിക്കാറുണ്ട് – അരപ്പള്ളി പണിയാൻ കഴിയില്ലല്ലോ.

നിരണം പള്ളി ഉൾപ്പെടെ മൂന്ന് മാർത്തോമ്മാ പൈതൃകം ഉള്ള ദേവാലയങ്ങളും നിലയ്ക്കൽ എക്യൂമെനിക്കൽ ദേവാലയവും നമുക്ക് ഉള്ളപ്പോൾ അതിൽ ഒന്ന് പേരിലെ സ്ഖലിതംകൊണ്ടും നമ്മുടെ അജ്ഞതകൊണ്ടും കത്തോലിക്കർക്ക് നൽകണോ?

സസ്നേഹം,

ഡാനിയേൽ ജോർജ്
സെന്റ് ഗ്രിഗോറിയോസ് സൺഡേസ്കൂൾ
കൊച്ചി ഭദ്രാസനം

*• ഒക്ടോബർ -ഡിസംബർ 2016 (Vol. 2 No. 4) ദി സൺഡേസ്കൂൾ – ഫാ. ഡോ. ജോസഫ് ചീരന്റെ ലേഖനം ശ്രദ്ധിച്ചിരിക്കുമല്ലോ? അവിടെ പാലൂർ എന്നുതന്നെയാണ്. കഴിഞ്ഞ ലക്കം ചിത്രം വെബ്സൈറ്റിൽനിന്ന് എടുത്ത് പ്രസിദ്ധീകരിച്ചതാണ്. (എഡിറ്റർ)*

## SUNDAY SCHOOL PRATHIBHA COMPETITION -13-01-2018

## LIST OF PARTICIPANTS

### VAGMITHILAKAM

| | *Name of the Student* | *Sunday School* | *Diocese* | *Zone* |
|---|---|---|---|---|
| 1 | Karishma E Gheevarghese | St.Kuriakose Mundukuzhy | Niranam | Central |
| 2 | Crisma Mariam Thomas | St.Peters, Vazhoor | Kottayam | Central |
| 3 | Akash K Sam | St.George Puthupady Kozhikode | Malabar | Malabar |
| 4 | Alwin K Wilson | St.George Aduputty Arthat | Kunnamkulam | Malabar |
| 5 | Aron B Varghese | Mar Aprem Parakode | Adoor-Kadampanadu | South |
| 6 | Julie Johnson | St.George Nellikkunnam | Kottarakkara-Punalur | South |
| 7 | Glen George | M.K.M Vettikkal | Kochi | North |
| 8 | Anet Saju | St.George Kunnakkurudy | Angamaly | North |
| 9 | Sheba Ann George | St.Marys Edanadu | Chengannur | South Central |
| 10 | Anju Elizabeth Yohanan | M.G.M Monthilir | Chengannur | South Central |

### GANASUGANTHI

| | | | | |
|---|---|---|---|---|
| 1 | Richa Mary Jacob | St.George Areeparambu | Kottayam | Central |
| 2 | Roshna Sara Roy | St.Marys Jerusalem Vakathanam | Kottayam | Central |
| 3 | Anju C Shibu | St.Marys Pazhanji, Pazhanji | Kunnamkulam | Malabar |
| 4 | Ebin Shibu | St.Marys Pathirikkode Perinthalmanna | Malabar | Malabar |
| 5 | Shereena Saji | Bathel St.George Nellila | Kollam | South |
| 6 | Kripa Johnson | St.George Edavattom | Kollam | South |
| 7 | Aswathy Binoy | St.John The Baptist Padamugal Ernakulam | Kochi | North |
| 8 | Ain Sara Renjith | St.George Periyambra | Kandanad East | North |
| 9 | Neha Ann Varghese | St.Marys Kattoor | Nilackal | South Central |
| 10 | Reeba Ann John | St.George Kuttiyani | Nilackal | South Central |

### VIJNANI

| | | | | |
|---|---|---|---|---|
| 1 | Riya Mariam Sabu | Mg Pathammuttom | Kottayam | Central |
| 2 | Amal Tom Paul | Mg Njaliayakuzhi | Kottayam | Central |
| 3 | Christoffer Paul | St Marys Muthukulam Nilambur | Malabar | Malabar |
| 4 | Shone Raj | St.George Parayil Kunnamkulam | Kunnamkulam | Malabar |
| 5 | Julie Johnson | St.George Nellikkunnam | Kottarakkara-Punalur | South |
| 6 | Grace Thomson | St.Thomas Puthenpally | Kollam | South |
| 7 | Naveen Johny | St.Marys Onakkoor | Kandanad West | North |
| 8 | Christin Varghese | St.George Kizhumury | Kandanad West | North |
| 9 | Abiya Marim Thomas | St.George Kanakapalam | Nilackal | South Central |
| 10 | Sneha Shyju | St.Marys Vakayar | Thumpamon | South Central |

### PRAVEEN

| | | | | |
|---|---|---|---|---|
| 1 | Flavia Thomas | Mar Baselios Kurichi | Kottayam | Central |
| 2 | Jisha Mariam Saji | St.George Anaparambal | Niranam | Central |

| | | | | |
|---|---|---|---|---|
| 3 | Jinto Kurian | St.George Kelakom Kelakom | Bathery | Malabar |
| 4 | Amal Babu | St.George Olavakkode Palakkad | Malabar | Malabar |
| 5 | Abel T Jose | St.George Ampathinnirappu | Kollam | South |
| 6 | Ajna Aj | St.Gregorios Alampala | Thiruvananthapuram | South |
| 7 | Sneha Mariya Abraham | St.George Kannara | Kochi | North |
| 8 | Juliya Baby | St.Marys Alaiykal Kulambu | Thrissur | North |
| 9 | Lini Cherian | St.John Kadamanitta | Thumpamon | South Central |
| 10 | Silpa Susan John | St Marys Venmony | Chengannur | South Central |

**VEDAVAJANABHUSHAN***

| | | | | |
|---|---|---|---|---|
| 1 | Amal Tom Paul | Mg Njaliayakuzhi | Kottayam | Central |
| 2 | Diya Elsa Varghese | St.George Kuzhimattom | Kottayam | Central |
| 3 | Dona T Reji | St.George Vadapuram Nilambur | Malabar | Malabar |
| 4 | Amaya Susan Shaji | St.Marys Maikav Kozhikkode | Malabar | Malabar |
| 5 | Diya Mariam Kurian | St.Ignatius Kottapuram | Kottarakkara-Punalur | South |
| 6 | Elsa Selin Daniel | St.Marys Puthussery Bhagam | Adoor Kadampanadu | South |
| 7 | Christin Varghese | St.George Kizhumury | Kandanad West | North |
| 8 | Ria Grace Reji | St.Gregorios Elamkulam Ernakulam | Kochi | North |
| 9 | Meril John | St.George Konni | Thumpamon | South Central |
| 10 | Evans Chacko Mathew | St.Marys Puthencavu | Chengannur | South Central |

*വേദവചനഭൂഷൺ സ്ഥാനത്തേയ്ക്ക് 13-01-2018ൽ പ്രത്യേകം പരീക്ഷ ഇല്ല എന്ന് അറിവുള്ളതാണല്ലോ. സോണൽ പരീക്ഷയുടെ പേപ്പർ റീ വാല്യൂ ചെയ്താണ് വിജയിയെ നിശ്ചയിക്കുന്നത്

**ഈ ലക്കത്തിലെ ലേഖനങ്ങളെ അടിസ്ഥാനമാക്കി അടുത്തലക്കത്തിൽ 10 ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. ചോദ്യങ്ങളുടെ ശരിയായ ഉത്തരം ഒരു മാസത്തിനുള്ളിൽ അയച്ചുതരുന്ന ആദ്യത്തെ 10 പേർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.**

## മൂന്നാം കവർപേജിൽ കാണുന്ന ? ഈ ചിഹ്നം സൂചിപ്പിക്കുന്ന ചിത്രം എന്താണ്?

**കഴിഞ്ഞ ലക്കം ശരിയായ ഉത്തരം അയച്ചുതന്നവർ**



മലങ്കരസഭയുടെ ഒന്നാം കാതോലിക്ക പരി. ബസ്സേലിയോസ് പൗലോസ് പ്രഥമന്റെ കബറിടം, പാമ്പാക്കുട സെന്റ് തോമസ് ഓർത്തഡോക്സ് ചെറിയപള്ളി, കണ്ടനാട് വെസ്റ്റ് ഭദ്രാസനം

1. **ഫാ. ഏലിയാസ് കെ.വി, പഴയസെമിനാരി**
2. **ജോർജ് തോമസ്, നെല്ലിപ്പള്ളിൽ, പുത്തൂർ ഡി. ഇൻസ്പെക്ടർ**
3. **ലിസ്ബ പോളി കെ., എം.ജി.എം. സൺഡേസ്കൂൾ പാറേമ്പാടം**
4. **ജോംസി രാജൻ, സെന്റ് ജോർജ്, വാര്യാപുരം**
5. **ജിനോ പീറ്റർ**
6. **സാനിയ തോമസ്, സെന്റ് ജോൺസ് സൺഡേസ്കൂൾ, അടുതല**

# പിന്നാമ്പുറം

‘ക്ലാസ്സിൽ കയറാതെ കറങ്ങിനടന്നാൽ പിടിവീഴും’ ഓപ്പറേഷൻ ഗുരുകുലം ശക്തമാക്കുന്നു. ഈ പത്രവാർത്ത കണ്ടപ്പോൾ ഓർമ്മവന്നത് എബിൻ എന്ന സൺഡേസ്കൂൾ വിദ്യാർത്ഥിയെയാണ്. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന എബിൻ ഒരു ഞായറാഴ്ച വി. കുർബ്ബാനയിൽ സംബന്ധിച്ചു. എന്നാൽ അതിനുശേഷമുള്ള സൺഡേസ്കൂൾ ക്ലാസ്സിൽ കണ്ടില്ല. അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന അവന്റെ സഹോദരിയോടു ചോദിച്ചപ്പോൾ അവൾക്കറിയില്ല. എന്നാൽ എബിന്റെ കയ്യിൽ ഒരു മൊബൈൽ ഉണ്ടായിരുന്നു. അതിന്റെ നമ്പർ അവൾ പറഞ്ഞുതന്നു. അദ്ധ്യാപകൻ ആ നമ്പറിൽ വിളിച്ചു. ആരാണ് വിളിക്കുന്നത് എന്നറിയാതെ ഫോൺ എടുത്തു. നീ എവിടെയാണ്? ഞാൻ അപ്പാന്റെ (പിതാവിന്റെ അനിയൻ) വീട്ടിലാണ്. അവിടെ വല്ല വിശേഷവും ഉണ്ടോ? ഇല്ല. ക്രിക്കറ്റു കളികാണുകയാണ്. അപ്പാന്റെ കയ്യിൽ ഫോൺ കൊടുക്കുവാൻ പറഞ്ഞു. വല്ലപ്പോഴും പള്ളിയിൽ വരുന്ന അപ്പാനോടു അധ്യാപകൻ പറഞ്ഞു ഇനിമേൽ ഞായറാഴ്ചകളിൽ സൺഡേസ്കൂൾ സമയത്ത് ക്രിക്കറ്റു കാണുവാൻ വരുന്ന ഇവനെ അതിന് അനുവദിക്കരുത്.

സെക്കുലർ ക്ലാസ്സിൽ വരാത്ത കുട്ടികളുടെ വിവരം രക്ഷകർത്താക്കളെ എസ്.എം.എസ്സിലൂടെ അറിയിക്കുന്ന സംവിധാനമാണ് ഓപ്പറേഷൻ ഗുരുകുലം. നമ്മുടെ സൺഡേസ്കൂൾ അധ്യാപകർക്കും അനുകരിക്കാവുന്ന ഒരു രീതിയാണിത്. പത്തോ പതിനഞ്ചോ കുട്ടികളുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പർ മെമ്മറിയിൽ ഇട്ടാൽ, കുട്ടി ക്ലാസ്സിൽ വരാതിരുന്നത് എന്തുകൊണ്ട് എന്നന്വേഷിക്കാം?

അധ്യാപകർ - പോലീസ് - രക്ഷകർത്താവ് എന്ന സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചതു നിമിത്തം ഒരു ഡിസ്ട്രിക്റ്റിലെ 100ൽപരം സ്കൂളുകളിൽനിന്ന് പല ദിവസങ്ങളിലായി 30045 കുട്ടികൾ ക്ലാസ്സിൽ ഹാജരായില്ല എന്ന് കണ്ടുപിടിച്ചു. ലഹരിക്ക് അടിമകളായിരുന്ന, അതീവ അക്രമവാസനകളുള്ള പതിനഞ്ചിലധികം കുട്ടികൾക്ക് ചികിത്സ നൽകി. പ്രണയത്തിന്റെ മറവിൽ വിദ്യാലയങ്ങളിലെ അൻപതിലധികം പെൺകുട്ടികളെ ദുരുപയോഗം ചെയ്തിരുന്ന സാമൂഹ്യവിരുദ്ധരെ കണ്ടെത്തി.

നമ്മുടെ കുഞ്ഞുങ്ങളും ഇക്കൂട്ടത്തിൽ ഇല്ലേ? പത്തുപതിനഞ്ചു വർഷങ്ങൾക്ക് മുമ്പ് സോണൽ മത്സരത്തിൽ പങ്കെടുത്ത ഒരു പെൺകുട്ടി, വിധവയായ അമ്മ വിദേശത്തുപോയി പണം സമ്പാദിച്ച് മകളെ ഡോക്ടറാക്കുവാൻ വിദേശത്ത് അയച്ചു. ഹൗസ് സർജൻസി പൂർത്തിയാക്കിയില്ല. നാട്ടിൽ വന്നു വീട് പണിയുന്ന കോൺട്രാക്റ്റർക്ക് നൽകുവാൻ മകളെ ഏൽപ്പിച്ച പണവുമായി ഒരിക്കൽ പോലും നേരിൽ കണ്ടിട്ടില്ലാത്ത, മസ്ക്കറ്റിൽ ജോലിചെയ്യുന്ന ചാറ്റിംഗിലൂടെ കൂട്ടുകാർ മുഖാന്തിരം പരിചയപ്പെട്ട യുവാവിന്റെ മാതാപിതാക്കളോടൊപ്പം മലപ്പുറത്തുപോയി താമസമായി. പിന്നീടുള്ള വിവരം അജ്ഞാതം. ഒരുപക്ഷേ സിറിയയിലോ അഫ്ഗാനിസ്ഥാനിലോ ചെന്നെത്തിയിരിക്കാം. കാര്യങ്ങൾ നമ്മുടെ കൈവിട്ടു പോകുകയാണോ?

സിലബസിനു പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് സൺഡേസ്കൂൾ അധ്യാപകർ ബോധവാന്മാരാകണം. സെക്കുലർ തലത്തിലുള്ള അധ്യാപക രക്ഷാകർത്തൃബന്ധം - ആശയ വിനിമയം സൺഡേസ്കൂൾ തലത്തിൽ നടക്കുന്നില്ല. ഓരോ സൺഡേസ്കൂളിലും കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം കൊടുക്കുവാനും അപകടകെണികളെക്കുറിച്ച് അറിവു പകരുവാനും പറ്റിയ അധ്യാപകർ ഉണ്ടാകണം. ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സഭയിലെ ഹ്യൂമൺ റിസോഴ്സ് വിഭാഗത്തിന്റെ സേവനവും ലഭ്യമാക്കാവുന്നതാണ്.

അടുത്ത ലക്കം മുതൽ ‘ദി സൺഡേസ്കൂൾ’ വാർഷിക വരിസഖ്യ പുതുക്കിയവർക്കു മാത്രമേ ലഭിക്കുകയുള്ളൂ. തപാലിൽ എല്ലാവർക്കും ലഭ്യമാക്കാനുള്ള ശ്രമം തുടരുന്നു. സൺഡേസ്കൂൾ അധ്യാപകരും 10, 12 ക്ലാസ്സിലെ വിദ്യാർത്ഥികളും പങ്കെടുത്ത ക്ലാസ്സിൽ പത്തുശതമാനം പേർക്കു മാത്രമേ ഇങ്ങനെയൊരു പ്രസിദ്ധീകരണത്തെക്കുറിച്ച് അറിവുള്ളൂ എന്നത് വേദനയുളവാക്കി. പള്ളികളുടെ ചെലവിൽ അധ്യാപകർക്കുള്ള പഠനസഹായി എന്ന നിലയിൽ എല്ലാവർക്കും ‘ദി സൺഡേസ്കൂൾ’ ലഭ്യമാക്കുവാൻ ശ്രമിക്കുകയോ ഒ.വി.ബി.എസ്.ന്റെ മിച്ചമുള്ള തുകയിൽനിന്ന് ഇതിന് പണം കണ്ടെത്തുകയോ ചെയ്യാവുന്നതാണ്. എല്ലാവരുടെയും ആത്മാർത്ഥപൂർണ്ണമായ സഹകരണവും അഭിപ്രായങ്ങളും പ്രതീക്ഷിച്ചുകൊണ്ട്

**ജോസഫ് അലക്സാണ്ടർ**
*എക്സിക്യൂട്ടീവ് എഡിറ്റർ*
email: joseph.alexander@outlook.com